بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly

**BADAR** Qadian

Malayalam

വാല്യം 8

ലക്കം 41

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ഒക്ടോബർ 12/ ഹി.ശം 1402 അഖാഅ് 12/ റബീഉൽ അവ്വൽ 26


## അല്ലാഹുവിന്റെ വചനം

وَبِالْحَقِّ اَنْزَلْنٰهُ وَبِالْحَقِّ نَزَلَ ؕ

وَمَاۤ اَرْسَلْنٰكَ اِلَّا مُبَشِّرًا وَّنَذِيْرًا

സത്യപൂർണമായ നിലയിൽ നാം അത് അവതരിപ്പിച്ചിരിക്കുന്നു. സത്യപൂർണമായ നിലയിൽ അത് ഇറങ്ങുകയും ചെയ്തിരിക്കുന്നു. സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പു നല്കുന്നവനുമായിട്ടല്ലാതെ നാം നിന്നെ നിയോഗിച്ചിട്ടില്ല.(17:106)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**വലതിനെ മുന്തിക്കുക**

(2451) ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ് സാഹ്ദീ(റ)യിൽനിന്ന് നിവേദനം. നബി(സ)തിരുമേനിയുടെ അടുക്കൽ ഒരാൾ ഒരു കോപ്പ പാനീയം കൊണ്ടുവന്നു. അവിടന്ന് അത് കുടിച്ചു. നബിയുടെ വലതുഭാഗത്ത് ഏറ്റവും പ്രായം കുറഞ്ഞ ഒരു യുവാവും ഇടുതഭാഗത്ത് പ്രായം ചെന്ന ആളുകളുമുണ്ടായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു, യുവാവേ!ആദ്യം പ്രായം ചെന്നവർക്ക് കൊടുക്കാൻ നീ സമ്മതിക്കുമോ? യുവാവ് പറഞ്ഞു: 'പ്രവാചകരേ!അങ്ങയുടെ അവശിഷ്ടത്തിൽ എനിക്കുള്ള അവകാശം മറ്റാർക്കും കൊടുക്കാൻ ഞാനൊരുക്കമല്ല.' നബി(സ)തിരുമേനി അയാൾക്കുതന്നെ ആദ്യം കൊടുത്തു.

**അന്യന്റെ ഭൂമി കൈവശപ്പെടുത്തുന്നവനുള്ള ശിക്ഷ**

(2452) ഹദ്റത്ത് സയീദ് ബിൻ സയ്ദിൽ(റ)നിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:വല്ലവനും അന്യന്റെ ഭൂമിയുടെ വല്ലഭാഗവും അക്രമിച്ച് കൈവശപ്പെടുത്തിയാൽ അതിന്റെ ഏഴിരട്ടി ഭൂമി അവന്റെ കഴുത്തിൽ അണിയിക്കപ്പെടും.(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽമളാലിം, പ്രസാധനം 2008 ഖാദിയാൻ)

**ദുആ ഔഷധമാകുന്നു**

*താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.*

(മൽഫൂദാത്ത് വാല്യം. 1 പേ. 4 )

## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 സെപ്റ്റംബർ08 (സമ്പൂർണ തർജമ)

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

മക്കയുടെ നേതാവ് അബൂജഹലിന്റെ ക്ഷണം


**ഉൽക്കൃഷ്ടമായ സ്വഭാവങ്ങൾ കരസ്ഥമാക്കുക. നന്മയുടെ താക്കോൽ ഉൽക്കൃഷ്ടമായ സ്വഭാവങ്ങൾ തന്നെയാണ്.എല്ലാ ആദരവുകളെക്കാളുമുപരി നബി(സ)തിരുമേനിയുടെ ആദരവാണ്. ഇസ്‌ലാമിക ലോകത്തെല്ലാം ഇതിന്റെ സ്വാധീനമുണ്ട്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**നബി(സ)തിരുമേനിയുടെ ഉന്നതമായ തേജോവിലാസം**

എല്ലാ ആദരവുകളെക്കാളുമുപരി നബി(സ)തിരുമേനിയുടെ ആദരവാണ്. ഇസ്‌ലാമിക ലോകത്തെല്ലാം ഇതിന്റെ സ്വാധീനമുണ്ട്. അവിടത്തെതന്നെ രക്ഷാധികാരമാണ് വീണ്ടും ലോകത്തെ ജീവിപ്പിച്ചത്. അറേബ്യയിൽ വ്യഭിചാരം, മദ്യപാനം, യുദ്ധങ്ങളല്ലാതെ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. മനുഷ്യരോടുള്ള കടമാനിർഹണം അപ്രത്യക്ഷമായി കഴിഞ്ഞിരുന്നു. സഹതാപം, സഹിഷ്ണുത, മനുഷ്യകുലത്തിന്റെ പേരും അടയാളവുംപോലും വിപാടനം ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു. മനുഷ്യരോടുള്ള കടമാനിർവഹണം മാത്രമല്ല നശിച്ചുകഴിഞ്ഞിരുന്നത് പ്രത്യുത അല്ലാഹുവിനോടുള്ള കടമാനിർവഹണത്തിലും കൂടുതലിരുട്ട് മൂടിക്കഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ സ്വിഫാത്ത് അഥവാ നാമവിശേഷണങ്ങൾ കല്ലുകൾ, മരങ്ങൾ, നക്ഷത്രങ്ങൾ എന്നിവയ്ക്ക് നല്കപ്പെട്ടു കഴിഞ്ഞിരുന്നു. പരതരത്തിലുള്ള അന്യാരാധനകളും വ്യാപിച്ചിരുന്നു. ദുർബലനായ മനുഷ്യൻതുടങ്ങി അവന്റെ രഹസ്യസ്ഥാനങ്ങൾവരെയുള്ള പൂജ ലോകത്ത് നടന്നുകൊണ്ടിരുന്നു. അങ്ങനെയുള്ള അനാശാസ്യമായ അവസ്ഥയുടെ ചിത്രം അല്പനേരത്തിന് നിഷ്കളങ്കനായ മനുഷ്യനു മുമ്പിൽ വരിയാണെങ്കിൽ അവനൊരു ഭയാനകമായ അന്ധകാരത്തിന്റേയും അക്രമത്തിന്റേയും അസ്തിത്വത്തിന്റെ ഭീതിജനകവും പേടിപ്പെടുത്തുന്നതുമായ ദൃശ്യം കാണുന്നതായിരിക്കും. പക്ഷവാതരോഗി ഒരു ഭാഗത്തേക്ക് വീഴുന്നു. എന്നാൽ, പക്ഷവാതരോഗി ഇരുവശത്തേക്കുമാണ് വീണത്. പൂർണകലാപം ലോകത്ത് നടമാടിക്കഴിഞ്ഞിരുന്നു. കരയിലും കടലിലും സമാധാനവും ശാന്തിയുമുണ്ടായിരുന്നില്ല. ഈ ഇരുട്ടിന്റേയും നാശത്തിന്റേയും കാലഘട്ടത്തിൽ നമ്മൾ അല്ലാഹുവിന്റെ റസൂൽ(സ)നെ നോക്കിക്കാണുകയാണ്. അവിടന്ന് വന്നിട്ട് എങ്ങനെയാണ് സമ്പൂർണമായ നിലയിൽ ഈ ത്രാസിന്റെ രണ്ടുതട്ടുകളും ശരിയാക്കിയത്. അല്ലാഹുവിനോടുള്ള കടമകളേയും മനുഷ്യരോടുള്ള കടമകളേയും അതിന്റെ യഥാർഥ സൂചിയിൽ നിലനിറുത്തി കാണിച്ചത്. നബി(സ)തിരുമേനിയുടെ ധാർമികപരമായ ശക്തിയുടെ ശ്രേഷ്ഠത ബുദ്ധിയിൽ വരുമാറാകുന്നത് അക്കാലഘട്ടത്തിലെ അവസ്ഥയിൽ ദൃഷ്ടി പതിപ്പിക്കുമ്പോഴാണ്. എതിരാളികൾ ആ മഹാത്മാവിനും അവിടത്തെ അനുയായികൾക്കും എത്രത്തോളം ബുദ്ധിമുട്ടുകളാണുണ്ടാക്കിയത്. അതിന്നെതിരിൽ അവിടന്ന്, ആ മഹാത്മാവിന് പൂർണമായ അധികാരവും മേൽക്കോയ്മയുമുണ്ടായിട്ടും അവരോടു എങ്ങനെയാണോ പെരുമാറിയത്, അത് ആ മഹാത്മാവിന്റെ പ്രൗഢിയെ പ്രകടിപ്പിക്കുന്നതാണ്.

അബൂജഹ്‌ലും അയാളുടെ മറ്റു കൂട്ടുകാരും, ജീവൻ ത്യജിക്കാൻ തയ്യാറായി നിന്ന അവിടത്തെ സേവകന്മാർക്ക് നൽകാതിരുന്ന എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടോ? ദരിദ്രരായ മുസ്‌ലിം സ്ത്രീകളെ ഒട്ടകത്തിന്റെ കാലിൽകെട്ടി അതിനെ വിപരീത ദിശയിലേക്ക് പായിച്ച് പിളർത്തിയിരുന്നു. എന്തിന് ലാ ഇലാഹ ഇല്ലല്ലാഹിൽ വിശ്വസിച്ചു പാപം ചെയ്തുവെന്ന ഒറ്റ കാരണത്താലായിരുന്നു അത്. എന്നാൽ, അവിടന്ന് അതിന്നെതിരിൽ ക്ഷമയോടും സഹിഷ്ണുതയോടുംകൂടി പ്രവർത്തിച്ചു. മക്കവിജയമുണ്ടായപ്പോൾ ലാ തഥ്‌രീബ അലയ്ക്കുമുൽ യൗംഇന്ന് നിങ്ങളുടെപേരിൽ ഒരു കുറ്റാരോപണവുമില്ലെന്ന് പറഞ്ഞുകൊണ്ട് (12:93)മാപ്പുകൊടുത്തു. ഇത് എത്രമാത്രം ധാർമികപരമായ ശ്രേഷ്ഠതയാണ്. മറ്റൊരു നബിയിലും ഇതു കാണുകയില്ല. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ.

പറഞ്ഞതിന്റെ ചുരുക്കം ഉൽക്കൃഷ്ടമായ സ്വഭാവങ്ങൾ കരസ്ഥമാക്കുക. നന്മയുടെ താക്കോൽ ഉൽക്കൃഷ്ടമായ സ്വഭാവങ്ങൾ തന്നെയാണ്.(മൽഫൂദാത്ത് വാല്യം 1, പേജ് 484, പ്രസാധനം 2018 ഖാദിയാൻ)

**ആരാണോ വിശുദ്ധഖുർആനിലെ അധ്യാപനങ്ങളിലേക്ക് വിളിക്കുന്നത് അവർ ഇസ്‌ലാമിന്റെ ശത്രുക്കളല്ല പ്രത്യുത വിശുദ്ധ ഖുർആൻ തടഞ്ഞിട്ടും വീണ്ടും തെറ്റായ വഴി ഉപയോഗിക്കുന്നവരാണ് യഥാർത്ഥത്തിൽ ശത്രുവെന്ന് അവർ മനസ്സിലാക്കിയില്ല.യൂറോപ്യൻ ജനതകൾക്കെതിരിൽ നിരന്തരം ജിഹാദിന്റെ വിളംബരങ്ങൾ ചെയ്ത് ഇസ്‌ലാമിനോടുള്ള അവരുടെ ആദരയുക്തമായ ഭയത്തെ വീണ്ടും വിപാടനം ചെയ്തു. എന്നല്ല അവരെ ഇത്തരത്തിലുള്ള കാര്യങ്ങളിൽനിന്ന് തടഞ്ഞ ഗുണകാംക്ഷികളെ ഇസ്‌ലാമിന്റെ ശത്രുക്കളെന്ന് വിധിയെഴുതി.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 24,25 വചനമായ വലാ തഖൂലന്ന ലി ശയ്ഇൻ ഇന്നീ ഫാഇലുൻ അലാ ദാലിക്ക ഗദൻ. ഇല്ലാ അൻയ്യശാഅല്ലാഹു വ ദ്കുർറബ്ബക്ക ഇദാ നസീത്ത വ ഖുൽ അസാ അൻയ്യഹ്ദിയനി റബ്ബി ലി അഖ്‌റബ മിൻ ഹാദാ റശദാ ('തീർച്ചയായും നാളെ ഞാൻ അക്കാര്യം ചെയ്യുന്നതാണ്'എന്നു നീ ഒരു കാര്യത്തെ സംബന്ധിച്ചും പറയരുത്;അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് ചേർത്തു പറയാതെ.) നീ മറന്നു പോയാൽ നിന്റെ നാഥനെ സ്മരിക്കുക. 'സന്മാർഗത്തോടു ഇതിനെക്കാൾ അടുത്ത വഴിയിൽ എന്റെ രക്ഷിതാവ് എനിക്കു വഴികാട്ടിയേക്കാം' എന്നു പറയുക) എന്നതിനെ ഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:


**(ശേഷം പേജ് 12ൽ)**



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

- അല്ലാഹു ജൽസ കാരണത്താൽ ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെ ജനങ്ങളിൽ പ്രകടിപ്പിക്കാൻ അവസരം നല്കി എന്ന കാര്യത്തിൽ ജർമനി ജമാഅത്ത് അല്ലാഹുവിനോടു ഒരുപാട് നന്ദികാണിക്കേണ്ടതാണ്.
- അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹാശിസുകളാൽ ജർമനി അഹ്മദിയ്യ ജമാഅത്തിന്റെ ജൽസാസാലന കഴിഞ്ഞയാഴ്ച വിജയ പൂർവം സംഘടിപ്പിക്കപ്പെട്ടു. നമുക്ക് ഒരു ഇടവേളയ്ക്കുശേഷം വളരെ വിപുലമായ രീതിയിൽ സാധാരണയെന്നപോലെ ജൽസ സംഘടിപ്പിക്കാൻ തൗഫീഖ് നല്കിയ അല്ലാഹുവിന് നമ്മളേറ്റവുമാദ്യം നന്ദി പ്രകടിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മുഴുവൻ സംഘാടകരും പങ്കെടുത്തവരും അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കേണ്ടതാണ്.
- മറ്റു സംവിധാന കാര്യങ്ങളിലുള്ള കുറവ് സഹിക്കാവുന്നതാണ്. എന്നാൽ, ജൽസ കേൾപ്പിക്കുന്നതിനുള്ള പോരായ്മ സഹിക്കാൻ സാധ്യമല്ല.
- ഓഫീസർ വിനയത്തോടും അധ്വാനത്തോടുംകൂടി പ്രവർത്തിക്കുന്നയാളാണെങ്കിൽ മുഴുവൻ ഡിപ്പാർട്ടുമെന്റും നന്നായിത്തീരുന്നുവെന്നതാണ് ഞാൻ കണ്ടിട്ടുള്ളത്.
- എല്ലാ ഖാദിമിനും എല്ലാ നാസ്വിറിനും എല്ലാ ലജ്ന അംഗങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്. അവർ തങ്ങളുടെ ഭാഗത്തുനിന്ന് ഒരുപാട് അധ്വാനിച്ചു. പക്ഷേ, ഓഫീസർമാർ തങ്ങളെ നന്നാക്കിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- പുരോഗതി നേടുന്ന ജനതകൾ തങ്ങളുടെ പോരായ്മകളിൽ ദൃഷ്ടി വെക്കുമ്പോഴാണ് വിജയിക്കുന്നത്.
- തീർച്ചയായും ഈ പരിപാടി എന്നെ ആത്മീയമായി നന്നാക്കുകയുണ്ടായി. എല്ലാ വിഭാഗങ്ങളും പുരുഷന്മാരും സ്ത്രീകളും എന്തിനധികം കുട്ടികളും ആസൂത്രകരായിരുന്നു.
- എനിക്ക് അഹ്മദിയ്യ ജമാഅത്തിനെ സംബന്ധിച്ച് ധാരാളം താൽപര്യമുള്ള കാര്യങ്ങൾ പഠിക്കാൻ കിട്ടി. ഉദാഹരണത്തിന് സഹിഷ്ണുത. ഭിന്നാഭിപ്രായക്കാരായിരുന്നിട്ടും മറ്റുള്ളവരെ സ്വീകരിക്കുക. (ഡോക്ടർ വെരോനിക്ക സ്തോലിലോവ)
- കാലത്തിന്റെ ഖലീഫയുടെ വിവിധ വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾ എന്നെ വളരെ ആകർഷിച്ചു. മഖ്ദോനിയായിലെ ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ എനിക്ക് ജൽസയിൽ ധാരാളം അഹ്മദിമുസ്ലിമീങ്ങളുമായി സംസാരിക്കാൻ തൗഫീഖ് കിട്ടി. അവർ എന്നോടു എപ്പോഴും പുഞ്ചിരിച്ചുകൊണ്ടു സംസാരിച്ചു. എന്നെ ജൽസയിലെ വൃത്തിയും എല്ലാ സംവിധാനും വളരെയേറെ ആകർഷിച്ചു. നിങ്ങളുടെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' മുഖേനസമാധാനം സാധ്യമാണ്.(സെനാദ് റാസിമോവ്)
- ഈ ജൽസ മുഴുവനും എന്റെ മനസ്സിൽ വലിയ ആഴത്തിലുള്ള സ്വാധീനമാണുണ്ടാക്കിയത്. പ്രത്യേകിച്ചും ബയ്അത്തിലും നമസ്കാരങ്ങളിലും എനിക്ക് വികാരങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ബയ്അത്തിൽ ഉടനീളം ഞാൻ കരഞ്ഞുകൊണ്ടിരുന്നു. അഹ്മദികൾ ഖലീഫയുടെ കൈയിൽ ഒരൊറ്റ ആത്മാവു കണക്കെ പങ്കെടുത്ത നിമിഷങ്ങൾ എന്റെ ജീവിതത്തിലൊരിക്കലും ഞാൻ മറന്നക്കുന്നതല്ല. (മാർട്ടീന സാഹിബ, സ്ലൊവാക്യ)
- ജൽസയിൽ പങ്കെടുത്തപ്പോൾ ഇസ്ലാമിന്റെ അധ്യാപനം, അല്ലാഹു, നബി(സ)തിരുമേനി എന്നതിന്റെയൊക്കെ യഥാർഥ സ്ഥാനത്തെ പറ്റി അറിയാൻ കഴിഞ്ഞു. മാത്രമല്ല ഇസ്ലാം യഥാർഥത്തിൽ ഒരു സമാധാനകാംക്ഷിയായ മതമാണ്. (ഓൻട്രിസ്ക സാഹിബ്)
- ഇവിടെ ജൽസയിൽ ഞാൻ ഇസ്ലാം കണ്ടു. മറ്റു മുസ്ലിമീങ്ങളെ അപേക്ഷിച്ച് നിങ്ങളുടെ കൈയിൽ വ്യക്തമായ വ്യത്യാസം ഖിലാഫത്താണ്. ഇക്കാരണത്താൽ നിങ്ങളിൽ ഐക്യവുമുണ്ട്.(പ്രൊഫസർ ഡോക്ടർ റജീപ് ശകുർത്തി സാഹിബ്
- എന്റെ മനസ്സിൽ കോറിയിട്ട ഒരു പ്രധാനചിത്രം കാലത്തിന്റെ ഖലീഫ നമുക്കുമുമ്പിൽ സമർപിച്ച തൂലികാ ജിഹാദാണ്. ഞാൻ അതിനെ പൂർണമായും അംഗീകരിക്കുന്നു. (ലിയാ സാഹിബ ജോർജിയ)
- ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ടപ്പോൾ നിങ്ങളെ കാഫിർ എന്നു പറയുന്നത് തികച്ചും തെറ്റാണെന്ന തീരുമാനത്തിലെത്തി. നിങ്ങളും മറ്റു മുസ്ലിം വിഭാഗങ്ങളെപ്പോലെ ഇസ്ലാമിലെ ഒരു വിഭാഗമാകുന്നു.(മിസ്റ്റർ വെയിസൽ, ജോർജിയ)
- എന്നെ സംബന്ധിച്ചിടത്തോളം ജൽസാസാലാന വൈജ്ഞാനിക ലോകത്തെ പൂന്തോപ്പാകുന്നു. അത് സഹകരണത്തേയും സാഹോദര്യത്തേയും പ്രോത്സാഹിപ്പിക്കുന്നു. അതോടൊപ്പം ഇതു നിങ്ങളുടെ കമ്യൂണിറ്റിയുടെ മാത്രംപ്രത്യേകതയാണ്.ഞാൻ അതിനെ ശ്ലാഘിക്കുന്നു. മാതൃകാപരമായ പ്രവർത്തനവും സമൂഹത്തിന് പ്രയോജനം ചെയ്യാൻ ആസൂത്രണങ്ങൾ ചെയ്തുകൊണ്ട് നടപ്പാക്കുന്നതും സംബന്ധിച്ച് തുടർച്ചയായ പ്രവർത്തനങ്ങളെ കാണിച്ചുതരികയും ചെയ്യുന്ന അവസരമാകുന്നു.(അവൗനി ജശാരി സാഹിബ് കോസോവ)
- ഞാൻ ജൽസ സശ്രദ്ധം ശ്രവിക്കുകയുണ്ടായി. ഞാൻ ഇവിടെയുള്ള ആളുകളെ കണ്ടു. ഇപ്പോൾ മറ്റു മതവിഭാഗങ്ങളിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നതും എന്നാൽ, അഹ്മദികളിൽ കാണുന്നതുമായ സൽസ്വഭാവത്തെപറ്റിയാണ് എനിക്കു പറയാനുള്ളത്. അതെല്ലാം അഹ്മദികളുടെ ശ്രേഷ്ഠകരമായ ധാർമിക സ്വഭാവങ്ങളാകുന്നു. (ആർസു കരീം സാഹിബ് താജികിസ്ഥാൻ)
- ജൽസയുടെ അടുത്ത ദിവസംതന്നെ അഹ്മദിയ്യത്തിന്റെ സത്യം എന്റെ ഹൃദയത്തിൽ ഇടം പിടിച്ചു. ഞാൻ ബയ്അത്തു ചെയ്യാൻ തീരുമാനിച്ചു. അല്ലാഹു എനിക്ക് അതിനുള്ള തൗഫീഖും തന്നു.(മുഹമ്മദു അലി സാഹിബ്)
- ജൽസസാലാനയിൽ വിവിധ വർണങ്ങളിലുള്ള ആളുകൾ പങ്കെടുത്തതും എല്ലാവരും സന്തോഷത്തോടെ കണ്ടുമുട്ടുകയും ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ സ്നേഹത്തോടും പ്രിയത്തോടും കൂടി പെരുമാറിയെന്നതും എന്നെ സംബന്ധിച്ചിടത്തോളും വളരെ അത്ഭുതകരമായ കാര്യമായിരുന്നു.(ദവാലാ, കാമറൂണിലെ ചീഫ് ഇമാം)
- ജമാഅത്തിന്റെ ഇമാം എങ്ങനെയുള്ള അധ്യാപനമാണ് സമർപിച്ചതെന്നാൽ, എല്ലാ മുസ്ലിമീങ്ങളും തങ്ങളുടെ മതത്തിൽ അഭിമാനം കൊള്ളേണ്ടതാണ്. നമ്മളെല്ലാവരും കർമപരമായ നിലയിൽ ഈ അധ്യാപനങ്ങൾ മുഴവൻ ലോകത്തിന്റേയും മുമ്പിൽ അവതരിപ്പിക്കേണ്ടതാണ്. (ദവാലാ, കാമറൂണിലെ ചീഫ് ഇമാം)
- അഹ്മദിയ്യ ജമാഅത്ത് ജർമനിക്ക് ജൽസസാലാന ഉദ്ധരിച്ച് ചില ഉപദേശങ്ങൾ, ജൽസയിൽ പങ്കടുത്തവരുടെ പ്രതികരണങ്ങൾ, മാധ്യമങ്ങളുടെ കവറേജ്.

**ഖുത്ബ ജുമുഅ 2023 സെപ്റ്റംബർ 08/1402 തബൂക്ക് 08**
**മസ്ജിദ് ബൈത്തുസ്സുബൂഹ്, ഫ്രാങ്ക്ഫർട്ട്, ജർമനി**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹാശിസുകളാൽ ജർമനി അഹ്മദിയ്യ ജമാഅത്തിന്റെ ജൽസാസാലന കഴിഞ്ഞയാഴ്ച വിജയപൂർവം സംഘടിപ്പിക്കപ്പെട്ടു. നമുക്ക് ഒരു ഇടവേളയ്ക്കുശേഷം വളരെ വിപുലമായ രീതിയിൽ സാധാരണയെന്നപോലെ ജൽസ സംഘടിപ്പിക്കാൻ തൗഫീഖ് നല്കിയ അല്ലാഹുവിന് നമ്മൾ ഏറ്റവുമാദ്യം നന്ദി പ്രകടിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മുഴുവൻ സംഘാടകരും പങ്കെടുത്തവരും അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ തൗഫീഖ് ലഭിച്ചതിൽ പ്രവർത്തകർ പ്രത്യേകമായും അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കേണ്ടതാണ്. ഇപ്രകാരംതന്നെ ജൽസയുടെ നാളുകളിൽ തങ്ങളെ സേവിച്ച പ്രവർത്തകരോടു

ജൽസയിൽപങ്കെടുത്ത എല്ലാവരും നന്ദിയുള്ളവരായിരിക്കേണ്ടതാണ്. ഇത്രയും വിപുലകരമായ സംവിധാനത്തിലും പുതിയസ്ഥലമായതുകൊണ്ടും നിരവധി കുറവുകളുണ്ടായിട്ടുണ്ടാകും. എന്നല്ല ഉണ്ടായിട്ടുണ്ട്. ചില നിലയ്ക്ക് ചില അതിഥികൾക്ക് പ്രയാസങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ടാകും. ചില കാര്യങ്ങൾ എന്റെയടുത്ത് എത്തിയിട്ടുണ്ട്. പ്രയാസങ്ങളുണ്ടായെങ്കിലും ദീനീപരമായകാര്യത്തിന് വന്നതുകൊണ്ട് പൊതുവെ അതിഥികൾ ഒരു പരാതിയും പറഞ്ഞിട്ടില്ല. എന്നാൽ, അന്വേഷിച്ചപ്പോൾ ചില സംവിധാനങ്ങൾ ശരിയായിരുന്നില്ലെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. പ്രവർത്തകരെ സംബന്ധിച്ചിടത്തോളം അവർ കഠിനാധ്വാനത്തോടെ തങ്ങളുടെ കർത്തവ്യങ്ങൾ നിറവേറ്റുകയുണ്ടായി. സഹായികളുടേയും മറ്റു പ്രവർത്തകരുടേയും ഭാഗത്തുനിന്നുണ്ടായ ദൗർബല്യങ്ങൾ അല്ലെങ്കിൽ പ്രസ്തുത വകുപ്പിന്റെ എന്തെങ്കിലും വീഴ്ച പ്രകടമായെങ്കിൽ അതു പൊതുവിൽ അവരുടെ ഓഫീസർമാരുടെ തെറ്റായ നിർദേശങ്ങൾ കാരണമാണുണ്ടായത്. അതുകൊണ്ട് അതിഥികൾക്ക് എവിടെയെങ്കിലും പ്രയാസങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അവിടെ ജൽസസംവിധാനത്തിന്റെ ഓഫീസർമാരും ഉത്തരവാദികളാണ്. അമീർ സാഹിബ് ഇത്തരം കാര്യങ്ങൾ നോട്ടു ചെയ്യുകയും നോക്കുകയും വേണം. കാരണം അത് അദ്ദേഹത്തിന്റേയും ഉത്തരവാദിത്വമാണ്. അവർ ഇസ്തിഗ്ഫാർ ചെയ്യേണ്ടതും ഭാവിയിലേക്കുവേണ്ടി തങ്ങളുടെ കുറവുകളെ റെഡ്ബുക്കിൽ രേഖപ്പെടുത്തുകയും അത് ശരിയാക്കാൻ ശ്രമിക്കുകയും വേണ്ടതാണ്. ഈ സ്ഥലത്തുതന്നെ മേലിൽ നല്ലസംവിധാനം ചെയ്യാൻ കഴിയുമോ അതല്ല മറ്റെവിടെയെങ്കിലും സംവിധാനമൊരുക്കേണ്ടിവരുമോ എന്നും നോക്കേണ്ടതാണ്.

പൊതുവായനിലയിൽ ചിലനേരത്ത് ചിലപ്രയാസങ്ങൾ നേരിടേണ്ടിവന്നതിവയാണ്. എസ്കിലേറ്റർ കേടായിരുന്നുവെന്ന് ഒരാൾ എനിക്കെഴുതി. അതുകൊണ്ട് മുകളിൽ കയറാൻ പ്രയാസമുണ്ടായി. ലിഫ്റ്റ് പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. അതുകൊണ്ടു ബുദ്ധിമുട്ടുകളുണ്ടായി. താമസസൗകര്യം നല്കിയിരുന്നു. പക്ഷേ, കുളിമുറികൾ വളരെ കുറവായിരുന്നു. അല്ലെങ്കിൽ ശരിയായ നിലയിൽ വെള്ളത്തിന് സംവിധാനമുണ്ടായിരുന്നില്ല. കാൽസ്രോയിൽ ഇവർ സ്ഥലമെടുത്തപ്പോൾ അവിടെ ആദ്യം എന്നെക്കൊണ്ടുപോയി കാണിച്ചിരുന്നു. അതു കണ്ടപ്പോൾ കുളിമുറികളും വെള്ളത്തിന്റെ സംവിധാനവും ശരിയായ നിലയിൽ ഉണ്ടായിരിക്കണമെന്ന് ഞാനോർമപ്പെടുത്തിയിരുന്നു. അതുപോലെ അവിടെ പലസ്ഥലങ്ങളിൽനിന്നുമുള്ള ശബ്ദവും ഞാൻ പരിശോധിച്ചിരുന്നു. അവിടെയുണ്ടായിരുന്നത് ചെറിയ ഹാളായിരുന്നു. എന്നിട്ടും അവിടെ കുറവുകളുണ്ടായിരുന്നു. അത് പരിഹരിക്കാൻ ശ്രമിക്കുകയുണ്ടായി. കുറെയൊക്കെ പരിഹരിക്കുകയും ചെയ്തു. എന്നാൽ, ഇവിടെ ഇക്കാര്യങ്ങൾ ശരിയായ നിലയിൽ നോക്കിയിട്ടില്ല. ഇപ്രാവശ്യം ഈ സ്ഥലത്തെപ്പറ്റി എന്നോടു വിശദാംശങ്ങൾ പറഞ്ഞിരുന്നുമില്ല. നല്ല സ്ഥലമാണെന്ന് പറഞ്ഞുകൊണ്ടുള്ള റിപ്പോർട്ടുകൾ അയച്ചുകൊണ്ടിരുന്നു. അതുപോലെ ചിലപ്പോൾ ഓഫീസർമാരുടെ തെറ്റായ നിർദേശങ്ങൾ കാരണം സെക്യൂരിറ്റിക്കാരും അനാവശ്യമായി ചില തടസ്സങ്ങൾ സൃഷ്ടിക്കുകയുണ്ടായി. പൊതുവിൽ അവർ നല്ലനിലയിലാണ് പ്രവർത്തിച്ചത്. എന്നാൽ, ചില സ്ഥലങ്ങളിൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായി. അതുകൊണ്ട് ലജ്നയ്ക്കും അവിടെ ഭക്ഷണമെത്തിക്കുന്നതിൽ പ്രയാസമുണ്ടായതായി പരാതിയുണ്ട്.

സെക്യൂരിറ്റിക്കാരും, അവർ തടയാൻ മാത്രമുള്ളവരല്ലെന്ന് ഓർക്കേണ്ടതാണ്. പ്രത്യുത മാർഗനിർദേശങ്ങളും നല്കണം. ഈ വകുപ്പിൽ ഒരു ടീം അതിഥികളെ സ്വസ്ഥമായി നിശ്ചിത സ്ഥലങ്ങളിലേക്കെത്തിക്കുന്നതിനും അവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുംവേണ്ടി ഉണ്ടായിരിക്കേണ്ടതാണ്.

ഇതുപോലെതന്നെ തർജമയെ സംബന്ധിച്ച് ലജ്നയുടെ ഭാഗത്തുനിന്ന് ആദ്യദിവസം പ്രയാസങ്ങളുണ്ടായെന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇതെന്നോടു പറഞ്ഞത് ലജ്നയല്ല. പ്രത്യുത നമ്മുടെ എം.ടി.എ യുടെ തർജമ വകുപ്പാണ് ശരിയായ നിലയിൽ തർജമ നടന്നില്ലെന്ന് പറഞ്ഞത്. പിന്നീട് പുറത്തുനിന്നു വന്ന ചില അതിഥികളും തർജമയില്ലാത്തതുകൊണ്ട് തങ്ങൾക്ക് ഖുത്ബ കേൾക്കാൻ കഴിഞ്ഞില്ലെന്ന് പരാതിപ്പെടുകയുണ്ടായി. ശബ്ദത്തിന്റെ പ്രശ്നം പുരുഷന്മാരുടെ ഹാളിൽ പ്രകടമായിരുന്നു. അതേപറ്റി ജൽസക്കിടയിലും സംഘാടകരോടു ഞാൻ പറഞ്ഞുകൊണ്ടിരുന്നതാണ്. ജൽസാസാലാന ഓഫീസർ, ജൽസാഗാഹ് ഓഫീസർ, ഓഡിയോ സെഷന്റെ ഇൻചാർജ് എന്നിവർ ഇതിന്റെ ഉത്തരവാദികളാണ്. ജനങ്ങൾ ഇവിടെ വരുന്നത് ജൽസാ കേൾക്കുന്നതിനാണ്. അവർക്ക് അത് കേൾപ്പിക്കുന്നതിന് ശരിയായ സംവിധാനമില്ലെങ്കിൽ പിന്നെ ജൽസകൊണ്ടുള്ള പ്രയോജനമെന്താണ്? മറ്റു സംവിധാന കാര്യങ്ങളിലുള്ള കുറവ് സഹിക്കാവുന്നതാണ്. എന്നാൽ, ജൽസ കേൾപ്പിക്കുന്നതിനുള്ള പോരായ്മ സഹിക്കാൻ സാധ്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഇത് മേളയൊന്നുമല്ല. (ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 395). ജനങ്ങളെ ഒരുമിച്ചുകൂട്ടി മേൽക്കോയ്മ കാണിക്കന്നതും എന്റെ ലക്ഷ്യമല്ല. ഇവിടെ പിന്നിലേക്ക് ശബ്ദമെത്താത്തതുകാരണം മേളയുടെ പ്രതീതിയാണുണ്ടായത്. ചിലർ അത് വീഡിയോയാക്കി. ഞാനത് കണ്ടിരുന്നു. ജൽസയുടെ ഒരു അന്തരീക്ഷവും കാണാൻ കഴിഞ്ഞിരുന്നില്ല. എന്റെ നിഗമനമനുസരിച്ച് ഏഴോഎട്ടോ ആയിരമാളുകൾക്ക് ജൽസ ശരിയായി കേൾക്കാൻ കഴിഞ്ഞിരുന്നില്ല. ആളുകൾ സംസാരിക്കുകയായിരുന്നുവെന്ന് പറഞ്ഞുകൊണ്ട് സംഘാടകർ ജനങ്ങളെ കുറ്റപ്പെടുത്തുന്നു. എന്റെ നോട്ടത്തിൽ ജൽസാഗാഹ് ഓഫീസറും സൗണ്ട് സിസ്റ്റത്തിന്റെ ആളുകളും തർബിയ്യത്തിന്റെ ആളുകളും ഇതിനുത്തരവാദികളാണ്. അവർ ഇതേപറ്റി ചിന്തിക്കേണ്ടതാണ്. ഈ അവസ്ഥ കണ്ടപ്പോൾ എനിക്കു ലജ്ജതോന്നി. അവർക്കും ലജ്ജ ഉണ്ടായിട്ടുണ്ടാകുമെന്ന് കരുതുന്നു. ആളുകൾ സംസാരിക്കുകയായിരുന്നെങ്കിൽ അത് തർബിയ്യത്തിന്റെ കുറവാണ്. മിഷണറി ഇൻചാർജും മുറബ്ബിമാരുമാണ് അതിനുത്തരവാദികൾ. അവരെന്തുകൊണ്ട് വർഷം മുഴുവൻ തർബിയ്യത്തു ചെയ്യുന്നില്ല. മജ്ലിസുകളിൽ പരിശുദ്ധിയുടെ വിചാരം അവരിലെന്തുകൊണ്ടു ഉണ്ടാക്കുന്നില്ല. ആളുകളുടെമേൽ ആക്ഷേപം ഉന്നയിക്കരുത്.

അഹ്മദികളെ ഓർമപ്പെടുത്തുകയാണെങ്കിൽ പൊതുവെ പോസിറ്റീവായിട്ട് പ്രതികരിക്കുന്നതാണ്. ഇവർ ജൽസയ്ക്ക് വന്നവരാണ്. ശ്രദ്ധക്ഷണിക്കുകയാണെങ്കിൽ ക്ഷണത്തിൽ മാറ്റത്തിന് വിധേയരാകാതിരിക്കുന്നതേയല്ല. ഏതായാലും സ്വന്തം ന്യൂനതകാരണമാണ് അടുത്ത ന്യൂനതയുമുണ്ടായത്.

ഓഫീസർ വിനയത്തോടും അധ്വാനത്തോടും കൂടി പ്രവർത്തിക്കുന്നയാളാണെങ്കിൽ മുഴുവൻ ഡിപ്പാർട്ടുമെന്റും നന്നായിത്തീരുന്നുവെന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. സാധാരണ പ്രവർത്തകൻ നല്ല നിലയിൽ ജോലി ചെയ്യാനാഗ്രഹിച്ചാൽത്തന്നെയും ഓഫീസർമാർ കാരണം അവർക്ക് നന്നായി പണിയെടുക്കാൻ കഴിയുകയില്ല. അതുകൊണ്ടു എനിക്ക് പ്രവർത്തകരെ കുറിച്ച് പരാതിയില്ല. എല്ലാ ഖാദിമിനും എല്ലാ നാസിറിനും എല്ലാ ലജ്ന അംഗങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്. അവർ തങ്ങളുടെ ഭാഗത്തുനിന്ന് ഒരുപാട് അധ്വാനിച്ചു. പക്ഷേ, ഓഫീസർമാർ തങ്ങളെ നന്നാക്കിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഞാൻ മുമ്പേയും പറഞ്ഞതുപോലെ ഇത്തവണ സ്ത്രീകളിൽ അച്ചടക്കം പുരുഷന്മാരെ അപേക്ഷിച്ച് കുറച്ച് നന്നായി എനിക്ക് കാണാൻ കഴിഞ്ഞു. ഇതിൽനിന്ന് പ്രകടമാകുന്നത് പുരുഷന്മാരുടെ തർബിയത്ത് വകുപ്പ് ചിന്തിക്കേണ്ടതുണ്ടെന്നാണ്. പുരോഗതി നേടുന്ന ജനതകൾ തങ്ങളുടെ പോരായ്മകളിൽ ദൃഷ്ടി വെക്കുമ്പോഴാണ് വിജയിക്കുന്നത്. എല്ലാം നല്ലതാണെന്ന് പറഞ്ഞ് തങ്ങളുടെ പുരോഗതിയുടെ വഴികൾ അടച്ചുകളയാതിരിക്കുക. അതിൽനാണക്കേടായ കാര്യമൊന്നുമില്ല. അല്ലാഹു വകുപ്പുകളുടെ ഓഫീസർമാക്ക് തങ്ങളെ പരിഷ്കരിച്ചെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഈ എല്ലാ കുറവുകളുമുണ്ടായിട്ടും അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണ് നമ്മിലുണ്ടായത്. അവൻ നമ്മുടെ കുറവുകൾ മറച്ചുവെച്ചു. ഇവിടെ വന്നിട്ടുണ്ടായിരുന്ന ജമാഅത്തിൽപ്പെടാത്ത അതിഥികളിൽ പൊതുവെ ജൽസയുടെ വലിയ നല്ല സ്വാധീനമാണുണ്ടായത്. ഞാൻ പറയുകയുണ്ടായി, ജൽസ വിജയിച്ചിട്ടുണ്ടെങ്കിൽ അതിനു കാരണം അല്ലാഹുവിന്റെ മറച്ചുവെക്കുകയെന്ന നാമവിശേഷണം വളരെധികം പ്രവർത്തിച്ചുവെന്നതാണ്. അസാധാരണമായ പ്രതികരണങ്ങളാണ് അവർ നല്കിയത്.

ഇതേ പ്രകാരം ലോകത്ത് എവിടെയൊക്കെ എം.ടി.എ മുഖേന ജൽസ കാണിക്കപ്പെട്ടുവോ അവരും പൊതുവായ നിലയിൽ ജൽസയെ പ്രകീർത്തിച്ചു. ഈ നേരത്ത് ഞാൻ ചില അതിഥികളുടെ പ്രതികരണങ്ങളും നിങ്ങളുടെ മുമ്പിൽ വെക്കുന്നതായിരിക്കും. പൊതുവെ വളരെ നല്ല പ്രതികരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ജർമനി അഹ്മദിയ്യ ജമാഅത്ത് അല്ലാഹുവിനോടു വളരെയധികം നന്ദി കാണിക്കേണ്ടതാണ്. അവൻ ഈ ജൽസ കാരണത്താൽ ഇസ്ലാമിന്റെ യഥാർഥ അധ്യാപനം ജനങ്ങളിൽ പ്രകടിപ്പിക്കുന്നതിന് തൗഫീഖ് നല്കി.

ബൽഗേറിയായിൽനിന്നു വന്ന ഒരു ക്രൈസ്തവ സ്ത്രീ ഡോക്ടർ വെരോണിക്ക സ്തോലിലോവ അവർ വക്കീലും യൂണിവേഴ്സിറ്റി ലക്ച്ചററുമാണ്, പി.എച്.ഡി ഡോക്ടറാണ് പറയുന്നു: വളരെ സുസജ്ജമായ ജൽസയാണ് സംഘടിപ്പിക്കപ്പെട്ടത്. എനിക്ക് ഒരു മുഖത്തും പരിഭ്രമമോ ദ്വേഷമോ കാണാൻ കഴിഞ്ഞില്ല. സകലരും വളരെ ആത്മാർഥതയുള്ളവരും എല്ലാ നിലയ്ക്കും എല്ലാ നേരത്തും സഹായിക്കാൻ സന്നദ്ധരായിരിക്കുന്നതുമാണ് എനിക്കു കാണാൻ കഴിഞ്ഞത്. ഓരോ വ്യക്തിയും തങ്ങളുടെ അവസ്ഥയിൽ തൃപ്തരും നന്ദിയുള്ളവരുമായിരുന്നു. തീർച്ചയായും ഈ പരിപാടി എന്നെ ആത്മീയമായി നന്നാക്കുകയുണ്ടായി. എല്ലാ വിഭാഗങ്ങളും പുരുഷന്മാരും സ്ത്രീകളും എന്തിനധികം കുട്ടികളും ആസൂത്രകരായിരുന്നു.

എനിക്ക് അഹ്മദിയ്യ ജമാഅത്തിനെ സംബന്ധിച്ച് ധാരാളം താൽപര്യമുള്ള കാര്യങ്ങൾ പഠിക്കാൻ കിട്ടി. ഉദാഹരണത്തിന് സഹിഷ്ണുത. ഭിന്നാഭിപ്രായക്കാരായിരുന്നിട്ടും മറ്റുള്ളവരെ സ്വീകരിക്കുക. ബർലിനിലെ മസ്ജിദ് സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾകൊണ്ടും പണംകൊണ്ടും നിർമിച്ചുവെന്ന കാര്യം നിസംശയം എന്നെ വല്ലാതെ ആകർഷിച്ചു. സ്ത്രീകളുടെ ഭാഗത്തുള്ള ഒരുക്കങ്ങളും എനിക്ക് വളരെ നന്നായി തോന്നി. ഞാൻ ധാരാളം മറ്റുസമ്മേളനങ്ങളിൽ പോകാറുണ്ട്. എന്നാൽ, ഇക്കാര്യമൊന്നും എനിക്കവിടെ കാണാൻ കഴിഞ്ഞിട്ടില്ലെന്ന് പറയാൻ കഴിയും. ഇത്തരം മാതൃക വളരെ തുച്ഛമായ ആളുൾക്കെ

സ്ഥാപിക്കാൻ സാധിക്കുകയുള്ളു. പിന്നീട് എന്റെ പ്രസംഗത്തെ സംബന്ധിച്ച് അവർ പറഞ്ഞു:ആത്മീയതയും മനുഷ്യത്വവും സമാധാനത്തിന്റെ ചിന്താഗതികളും എന്നെ ഒരുപാട് ആകർഷിച്ചു. ഞാൻ സമ്മതിക്കുന്നു നമ്മളെല്ലാവരും ആദ്യം മനുഷ്യരാണ്, പിന്നീട് രാജ്യത്തിലെ പൗരന്മാരാണ് പിന്നീട് മതസഹിഷ്ണുതയുടെ ഭാഗമാണ്. നമുക്ക് നമ്മുടെ ഇടയിലുള്ള പൊതുവായ കാര്യം അന്വേഷിക്കേണ്ടതാണ്. അല്ലാതെ നമ്മളെ ഭിന്നിപ്പിക്കുന്ന അഭിപ്രായ ഭിന്നതയുള്ള കാര്യമല്ല.

* ബൽഗേറിയായിൽനിന്നുവന്ന മറ്റൊരു ക്രിസ്ത്യൻ സ്ത്രീ നത്താലിയാ സാഹിബ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. അവർ പറയുന്നു:ജൽസ എന്റെ മനസ്സിൽ കോറിയിടപ്പെട്ടിരിക്കുകയാണ്. ഞാൻ ആദ്യമായി ആയിരക്കണക്കിന് മുസ്‌ലിമീങ്ങൾ ഒന്നിച്ച് നമസ്കരിക്കുന്നതു കണ്ടു. അതു വളരെ മനോഹരമായ ദൃശ്യമായിരുന്നു. ഞാൻ ക്രിസ്ത്യാനിയാണ്. ഇത്തരത്തിലുള്ള ജൽസയിൽ ആദ്യമായാണ് പങ്കെടുക്കുന്നത്. എല്ലാവരും ഞങ്ങളോടു വലിയ ആദരവോടെയും മാന്യവുമായാണ് പെരുമാറിയത്. ഇത് അത്ഭുതകരമായ ആനന്ദമാണ് പ്രദാനം ചെയ്തത്. ജൽസയുടെ സമാപനം എനിക്ക് ഏറെ ഇഷ്ടമായി. അതിൽ ഖലീഫയുടെ പ്രസംഗം ധാരാളം പാഠങ്ങൾ പ്രദാനം ചെയ്യുന്നതായിരുന്നു. ഞങ്ങളെന്തോ പ്രധാനപ്പെട്ടവരാണെന്ന രീതിയിലുള്ള അവരുടെ പെരുമാറ്റമാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. ഡ്യൂട്ടിയിലുണ്ടായിരുന്ന ആളുകൾ ഒരു അതിഥിക്കും ഒരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തുംവിധമായിരുന്നു പെരുമാറിയിരുന്നത്. പിന്നീട് ഇവർ പറയുന്നു:ആദ്യദിവസം തർജമയുടെ കാര്യത്തിൽ കുറച്ചു പ്രയാസങ്ങൾ അനുഭവപ്പെട്ടു. വളരെ ഗോപ്യമായ വാക്കുകളിലാണ് അവർ പരാതി പറയുന്നത്. അതായത് ഖുത്ബ കേൾക്കാൻത്തന്നെ കഴിഞ്ഞില്ല. അത് പിന്നീടാണ് ശരിയായത്.

മഖ്ദോനിയായിലെ ഒരു അതിഥിയാണ്, ക്രിസ്ത്യൻ പത്രപ്രവർത്തകനായ ലിയോബിൻക ആയത്തോവസ്ക സാഹിബ. അവർ പറയുന്നു: ഇത്രവലുതും സുസംഘടിതവുമായ പരിപാടിയുടെ ഭാഗമായി എന്നത് എനിക്കൊരു പ്രത്യേക ബഹുമതിയാണ്. ഇതിൽ വിവിധ മതക്കാരും മറ്റു ജനതകളിലെ ആളുകളും പങ്കെടുത്തു. ഇക്കാര്യം സ്നേഹത്തിനുമാത്രമേ നല്ല ഇടമൊരുക്കാൻ കഴിയുകയുള്ളുവെന്ന മുദ്രാവാക്യത്തിന്റെ സാക്ഷാൽക്കാരമാകുന്നു.

മഖ്ദോനിയായിൽനിന്നുതന്നെയുള്ള ഒരു മുസ്‌ലിം പത്രപ്രവർത്തകൻ സെനാഡ് റാസിമോവ് പറയുന്നു: കാലത്തിന്റെ ഖലീഫയുടെ വിവിധ വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾ എന്നെ വളരെ ആകർഷിച്ചു. മഖ്ദോനിയായിലെ ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ എനിക്ക് ജൽസയിൽ ധാരാളം അഹ്മദിമുസ്‌ലിമീങ്ങളുമായി സംസാരിക്കാൻ തൗഫീഖ് കിട്ടി. അവർ എന്നോടു എപ്പോഴും പുഞ്ചിരിച്ചുകൊണ്ടു സംസാരിച്ചു. എന്നെ ജൽസയിലെ വൃത്തിയും എല്ലാ സംവിധാനും വളരെയേറെ ആകർഷിച്ചു. നിങ്ങളുടെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' മുഖേന സമാധാനം സാധ്യമാണ്.

ഡ്യൂട്ടിക്കാർ മാത്രമല്ല. മറ്റുള്ളവരുടെ പെരുമാറ്റവും അതിഥികളെ സ്വാധീനിക്കുകയുണ്ടായി.

* സ്ലൊവാക്യയിൽനിന്ന് വന്ന അധ്യാപിക മാർട്ടീന സാഹിബ പറയുന്നു:ജൽസയിൽ ആദ്യമായി പങ്കെടുക്കാൻ കഴിഞ്ഞതിൽ ഞാനേറെ കൃതജ്ഞതയുള്ളവളാണ്. ലോകത്തെവിടേയും ഒരുപക്ഷേ, കാണാൻ കഴിയാത്ത അതിഥി സൽക്കാരമാണ് ഞാനിവിടെ കണ്ടത്. എല്ലാവരും സൽസ്വഭാവത്തോടെയും പുഞ്ചിരിക്കുന്ന മുഖവുമായിട്ടാണ് കണ്ടുമുട്ടിയിരുന്നത്. ഈ ജൽസ മുഴുവനും എന്റെ മനസ്സിൽ വലിയ ആഴത്തിലുള്ള സ്വാധീനമാണുണ്ടാക്കിയത്. പ്രത്യേകിച്ചും ബയ്അത്തിലും നമസ്കാരങ്ങളിലും എനിക്ക് വികാരങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ബയ്അത്തിൽ ഉടനീളം ഞാൻ കരഞ്ഞുകൊണ്ടിരുന്നു. അഹ്മദികൾ ഖലീഫയുടെ കൈയിൽ ഒരൊറ്റ ആത്മാവു കണക്കെ പങ്കെടുത്ത നിമിഷങ്ങൾ എന്റെ ജീവിതത്തിലൊരിക്കലും ഞാൻ മറക്കുന്നതല്ല. അതുപോലെ അഹ്മദികളുടെ ഖലീഫയുമായുള്ള കൂടിക്കാഴ്ചയും ഞാൻ മറക്കുന്നതല്ല. ഒരു ദിവസം കഴിഞ്ഞതിനു ശേഷവും കൂടിക്കാഴ്ചയുടെ പ്രഭാവം എന്റെ മനസ്സിലുണ്ട്. അവർ പറയുന്നു:ഞാനൊരിക്കൽക്കൂടി ഖലീഫയെ കാണാനാഗ്രഹിക്കുന്നു. അങ്ങനെ ഇസ്‌ലാമിനെപറ്റി നേരിട്ട് കാര്യങ്ങൾ അറിയാനുള്ള ആഗ്രഹമുണ്ട്. ഇവർ മുസ്‌ലിമല്ലെന്ന കാര്യം ഓർക്കുക. പക്ഷേ, അവരിലും പ്രഭാവമുണ്ടായി.

* സ്ലൊവാക്യയിൽനിന്ന് വന്നിട്ടുള്ള മറ്റൊരു അതിഥിയാണ് ഓൻട്രിസ്ക സാഹിബ്. ഇദ്ദേഹം വ്യാപാരിയാണ്. ഇദ്ദേഹം പറയുന്നു:ജൽസാസാലാനയ്ക്കുമുമ്പേ എനിക്ക് ഇസ്‌ലാമിനെ പറ്റി ഒന്നും അറിയുമായിരുന്നില്ല. മുസ്‌ലിമീങ്ങൾ നഊദുബില്ലാഹ് മുഹമ്മദു റസൂലുല്ലായെ(സ) ദൈവമാണെന്ന് വിശ്വസിക്കുന്നുവെന്നാണ് എനിക്കു തോന്നിയിരുന്നത്. ജൽസയിൽ പങ്കെടുത്തപ്പോൾ ഇസ്‌ലാമിന്റെ അധ്യാപനം, അല്ലാഹു, നബി(സ)തിരുമേനി എന്നതിന്റെയൊക്കെ യഥാർഥ സ്ഥാനത്തെ പറ്റി അറിയാൻ കഴിഞ്ഞു. മാത്രമല്ല ഇസ്‌ലാം യഥാർഥത്തിൽ ഒരു സമാധാനകാംക്ഷിയായ മതമാണെന്നും ഇവിടെ പ്രത്യേകിച്ചും മാധ്യമങ്ങൾ ഇസ്‌ലാമിനെ പറ്റി തെറ്റായധാരണ പരത്തുകയാണെന്നും മനസ്സിലായി. ജൽസയുടെ മുഴുവൻ സംവിധാനവും അഹ്മദികൾ സ്വയം ചെയ്യുന്നുവെന്നതും അങ്ങേയറ്റം തങ്ങളുടെ ജോലിയിൽ മുഴുകിയും ആവേശത്തോടേയും അതീവ താൽപര്യത്തോടെയും അതിഥികളെ സേവിക്കുന്നതും എന്നെ അത്ഭുതപ്പെടുത്തുകയുണ്ടായി. ഖലീഫയെ കണ്ടപ്പോൾ അതെന്റെ മനസ്സിൽസമാധാനവും ആത്മാവിൽ ഗുണപ്രദമായ സ്വാധീനവുമുണ്ടാക്കി. അല്ലാഹുവാണ് എന്നെ ഈ ജൽസയിൽ പങ്കെടുപ്പിച്ചതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

* സ്ലൊവാക്യയിൽനിന്ന് ജുദ്ർ മാർട്ടിൻ സാഹിബ് (വിവിധ രാജ്യങ്ങളിൽനിന്ന് വലിയ ഗ്രൂപ്പുകൾ വന്നിരുന്നു)എന്നൊരു അതിഥി പറയുന്നു:ഞാനാദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. എനിക്ക് അഹ്മദികളുടെ സൽസ്വഭാവവും അതിഥി സൽക്കാരവും കണ്ടിട്ട് വളരെ സന്തോഷമുണ്ടായി. ജൽസസാലാനയിൽനിന്ന് എനിക്കൊരുപാടു കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. മുസ്‌ലിമീങ്ങൾ പ്രത്യേകിച്ചും അഹ്മദിമുസ്‌ലിമീങ്ങൾ സമാധാനം ഇഷ്ടപ്പെടുന്നവരും തങ്ങളുടെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരുമാണ്. ജമാഅത്ത് തയ്യാറാക്കിയ എക്സിബിഷൻ ഇഷ്ടപ്പെട്ടു. എനിക്കു ഇസ്‌ലാമിനേയും അതിന്റെ മനോഹരമായ അധ്യാപനത്തേയും കുറിച്ച് ഒരുപാടു പഠിക്കാൻ കഴിഞ്ഞു. അഹ്മദികളുടെ ഖലീഫയെക്കുറിച്ച് ഞാൻ കണ്ടത് സകല അഹ്മദികളും അദ്ദേഹത്തെ അങ്ങേയറ്റം സ്നേഹിക്കന്നതാണ്;അദ്ദേഹവും. ഇത്തരവും സാഹോദര്യബന്ധവും സ്നേഹവും വളരെ കുറച്ചേ കാണുകയുള്ളു.

എക്സിബിഷനിൽ സെർബിയായുടേയും ബോസ്നിയായുടേയും മാപ്പും ഉണ്ടാക്കിയിരുന്നു. ഇതുകൊണ്ട് ഞാൻ ധരിക്കുന്നത് നമ്മുടെ മാപ്പ് ശരിയല്ലെന്ന് സെർബിയന് പരാതിയുണ്ട്. അവിടെ പ്രദർശനക്കാർ അതു ശ്രദ്ധിക്കേണ്ടതാണ്.

അൽബേനിയായിലെ ഒരു അതിഥി പ്രൊഫസർ ഡോക്ടർ റജീപ് ശകുർത്തി സാഹിബ് അദ്ദേഹം ഫാക്കൽട്ടി ഓഫ് സയൻസിന്റെ തിരാന യൂണിവേഴ്സിറ്റിയിൽ പ്രൊഫസറാണ്. തന്റെ ഭാര്യയോടൊപ്പമാണ് വന്നിരുന്നത്. അദ്ദേഹം പറയുന്നു, ജൽസ വളരെ മഹത്തായതായിരുന്നു. ഇദ്ദേഹം മുസ്‌ലിമാണ്. അദ്ദേഹം പറയുന്നു ഞാൻ പത്തു വർഷമായി നോമ്പ് പിടിക്കുന്നു. ഇസ്‌ലാമിലെ മറ്റു കാര്യങ്ങളനുസരിച്ചും പ്രവർത്തിക്കുന്നു;എല്ലാമല്ലെങ്കിലും!

ഇവിടെ ജൽസയിൽ ഞാൻ ഇസ്‌ലാം കണ്ടു. മറ്റു മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് നിങ്ങളുടെ കൈയിൽ വ്യക്തമായ വ്യത്യാസം ഖിലാഫത്താണ്. ഇക്കാരണത്താൽ നിങ്ങളിൽ ഐക്യവുമുണ്ട്.

അൽബേനിയായിൽനിന്ന് ഒരു അതിഥി സ്ത്രീ എർമിറ സാഹിബ ഉണ്ടായിരുന്നു. അവർ നേഴ്സാണ്. അവർ പറയുന്നു. ഇതിനുമുമ്പേയും ജൽയിൽ പങ്കെടുത്തിട്ടുണ്ട്. ഈ പ്രാവശ്യം ഈ റൂഹാനീ ആവേശം കാരണത്താൽ വീണ്ടും ജൽസയിൽ വന്നതാണ്.(അന്യരാണെങ്കിലും ഒരു പ്രാവശ്യം വന്നാൽ പിന്നീട് അത് ശീലമാകുന്നു. അവർ പറയുന്നു: ഇപ്രാവശ്യം ആദ്യമായാണ് ഞാൻ നമസ്കരിക്കുന്നത്. അവരുടെ ഏതോ കൂട്ടുകാരിയുണ്ടായിരുന്നു, അവർ നമസ്കരിച്ചിരുന്നു. അവളെ നോക്കി നോക്കിയാണ് ഞാൻ നമസ്കരിച്ചിരുന്നത്. അവർ പറയുന്നു, ആദ്യമായി എന്റെ റൂഹിന്റെ ഓരോ അണുവും ചലിക്കാൻ തുടങ്ങി. സജ്ദയിൽ കരഞ്ഞുകരഞ്ഞു ദുആചെയ്യുന്നുണ്ടായിരുന്നു. എന്റെ എല്ലാ വെറുപ്പും ഉരുകിപ്പോകുന്നതുപോലെ തോന്നിയിരുന്നു. ഞാൻ ദുആ ചെയ്യുകയാണ്:അല്ലാഹു എനിക്കെന്റെ ഈമാനിൽ ശക്തിപ്രദാനം ചെയ്യുമാറാകട്ടെ. പിന്നീട് ഞാനുമായി കൂടിക്കാഴ്ചയും നടത്തി. താൻ അതെപ്പോഴും ഓർമ വെക്കുമെന്ന് അവർ പറയുന്നു.

ചുരുക്കത്തിൽ ജൽസയുടെ അന്തരീക്ഷത്തിന്റെ സ്വാധീനം അന്യരിലുമുണ്ടകുന്നു. എന്നിരിക്കെ അഹ്മദികൾക്ക് അതെങ്ങനെ ഉണ്ടാകാതിരിക്കാനാണ്? അഹ്മദികൾക്ക് ഭാരവാഹികളെപ്പറ്റി പരാതിയുണ്ടെങ്കിൽ മാറ്റത്തിനുള്ള ശരിയായ മാർഗം അവലംബിക്കുക. ആദ്യം തങ്ങളിൽ മാറ്റവും മാതൃകയുമാണ് വേണ്ടത്. പിന്നീട് മറ്റുള്ളവരെ ഉ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

പദേശിക്കുക.

അൽബേനിയായിൽനിന്നുള്ള മറ്റൊരു അതിഥി ദരിത്തെ ശകുർത്തി സാഹിബ ഹൈസ്കൂൾ അധ്യാപികയാണ്. അവർ പറയുന്നു: ജൽസയുടെ ഏർപാടുകളെല്ലാം ഉന്നതമായിരുന്നു. ഞാൻ സ്കൂൾ ടീച്ചറാണ്. ഇപ്പോഴത്തെ കുട്ടികൾ എത്രമാത്രം ആക്രമണപ്രവണതയുള്ളവരാരാണെന്ന് എനിക്കറിയാം. പക്ഷേ, ഇവിടെ കുട്ടികളും എത്രമാത്രം സുരക്ഷിതരാണെന്നാൽ എല്ലാവരും തങ്ങളുടെ ഡ്യൂട്ടിയിൽ മുഴുകിയിരിക്കുകയാണ്. അത്ഫാൽ കുട്ടികളും തങ്ങളുടെ നല്ല മാതൃക കാണിച്ചുകൊണ്ട് തബ്‌ലീഗിനുള്ള മാർഗമാണ് തുറക്കുന്നത്. അവർ പറയുന്നു:ഞാൻ വളരെയേറെ അത്ഭുതപ്പെട്ടുപോയി. അന്വേഷണം എന്നെ ജൽസയ്ക്കിടയിൽ ഭക്ഷണഹാളിലെത്തിച്ചു. അത് ബാസാറിനും മുമ്പേയായിരുന്നു. അവിടെ ഞാൻ ആയിരക്കണക്കിന് പുരുഷന്മാർ ഭക്ഷണം കഴിക്കുന്നത് കണ്ടു. പക്ഷേ, അവിടെ വഴക്കോ പിടിച്ചുപറിയോ ഒന്നുംതന്നെ കാണാൻ കഴിഞ്ഞില്ല. എല്ലാവരും പണിയെടുക്കാൻ മാത്രം അറിയുന്ന തേനീച്ചകളാണെന്ന് തോന്നിപ്പോയി. ഇക്കൂട്ടരെല്ലാത്തിനും സന്നദ്ധരായിരുന്നു. എത്രമാത്രം ഉന്നതമായ സ്വഭാവമാണെന്നാൽ ഒന്നു മുട്ടിയാൽപോലും ഉടൻതന്നെ സോറിയെന്നു പറഞ്ഞിരുന്നു.

* അൽബേനിയായിൽനിന്നുവന്ന മറ്റൊരു അതിഥി ജൽഫർ കോച്ചി സാഹിബാണ്. അദ്ദേഹം എക്ണോമിക്സിൽ മാസ്റ്റർ ബിരുദം നേടിയ ആളാണ്. അദ്ദേഹം നാലു വർഷത്തെ അന്വേഷണത്തിനുശേഷം ബയ്അത്തും ചെയ്തു. ജൽസ അദ്ദേഹത്തിന് വളരെയേറെ പ്രചോദനമായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. വളരെയേറെ പോസിറ്റീവ് എനർജി ലഭിക്കുകയുണ്ടായി. ജൽസാഗാഹിൽ ഖലീഫയോടൊപ്പമുള്ള നമസ്കാരങ്ങളിൽ എനിക്കെന്റെ കണ്ണീരിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അതുപോലെ ബയ്അത്ത് പരിപാടിയും ഏറെ വൈകാരികമായിരുന്നു. എനിക്കെപ്പോഴും കാലത്തിന്റെ ഖലീഫയോടൊപ്പം ഇരിക്കുമ്പോഴെല്ലാം സുരക്ഷിതത്വം അനുഭവപ്പെടുന്നു. ഖലീഫമാത്രമാണ് എന്റെ ഇഷ്ടഭാജനവും നേതാവുമെന്ന് എനിക്കനുഭവപ്പെടുന്നുണ്ടായിരുന്നു. ഒരുകാര്യം എനിക്കിഷ്ടപ്പെടാതിരുന്നത് ജനങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇതെല്ലാവരും ശ്രദ്ധിക്കണം. അതായത് ജൽസയിൽ പ്രസംഗം അവസാനിക്കുന്നതിനുമുമ്പേ ആളുകൾ എഴുന്നേറ്റു പോകുന്നുണ്ടായിരുന്നു. ഏതായാലും നവഅഹ്മദികൾക്ക് മോശം പ്രതിഫലനമുണ്ടാകാതിരിക്കാനുള്ള കാര്യങ്ങളെപറ്റി നമ്മൾ ചിന്താകുലരാകേണ്ടതാണ്.

ബോസ്നിയായിൽനിന്നു വന്ന ചരിത്രവിഭാഗം പ്രൊഫസർ ഹാരിഥ് സാഹിബ് പറയുന്നു: ജൽസയിൽ വരുന്നതിനുമുമ്പേതന്നെ അവിടെ ആയിരക്കണക്കിനാളുകൾ ഉണ്ടാകുമെന്നും ഖലീഫ തങ്ങളെ അഭിസംബോധന ചെയ്യുമെന്നും അറിഞ്ഞിരുന്നു. ഞാനേറെ ഭയപ്പെട്ടിരുന്നു. ഏറെക്കുറെ സംരക്ഷണസംവിധാനവും കരുതിയിരുന്നു. ഓരോ കാര്യത്തെപറ്റിയും എനിക്ക് സംശയമായിരുന്നു. കാരണം അഹ് മദികളുടെ ഇത്രമാത്രം വലിയ ജൽസയേയും അങ്ങനെ മതപരമായ ആചാരങ്ങളേയുംപറ്റി എനിക്ക് വിശദമായി ഒന്നും അറിയുമായിരുന്നില്ല. കാരണം ഞാൻ അടിസ്ഥാന കാര്യങ്ങളെപറ്റിത്തന്നെ അസ്വസ്ഥനായിരുന്നു. അദ്ദേഹം തുടരുന്നു: എന്നിരുന്നാലും ഇവിടെയെത്തിയപ്പോൾ എനിക്കു ഇത്രമാത്രം നല്ലയാളുകൾക്കിടയിൽ സമയം ചെലവഴിക്കാൻ ഇതിനുമുമ്പേ അവസരം കിട്ടിയിട്ടില്ലല്ലോ എന്നു തോന്നി. ജൽസയിൽ എല്ലാ കാര്യവും ആസൂത്രണത്തോടെയുള്ളതായിരുന്നു. എന്റെ ചിന്ത എന്തായിരുന്നു? എന്നാൽ, കർമപരമായി ഞാൻ കാണുന്നതെന്താണ്? വളരെ നല്ല ആസൂത്രണം! എല്ലാവരും താന്താങ്ങളുടെ പ്രവർത്തനത്തിൽ മുഴുകിയിരിക്കുകയാണ്. വളരെ ഉന്നതവും മനോഹരവുമായ സംവിധാനമാണ്!

ഖലീഫയുടെ ആദ്യ പ്രഭാഷണം കേട്ടപ്പോൾ ത്തന്നെ എന്റെ മനസ്സ് ശുദ്ധമായി. ജനങ്ങളെന്തു ചെയ്യുന്നു? പറയുന്നു? പരസ്പരമുള്ള ബന്ധമെങ്ങനെ? എന്നറിയാൻ ഞാനങ്ങനെ അവരുടെ പിന്നാലെ ഉണ്ടായിരുന്നു. ജിജ്ഞാസയുണ്ടായിരുന്നു. അതുകൊണ്ട് ആളുകളും പിന്നാലെ കൂടിയിരുന്നു. ഞാനെല്ലാം കണ്ടുംകേട്ടുംകൊണ്ടിരുന്നു. ഞാനെന്റെ മുസ്‌ലിം സഹോദരങ്ങൾക്കിടയിൽ എന്നെ സുരക്ഷിതനാണെന്ന് മനസ്സിലാക്കി. തന്നെ ആരും ചീത്തപറയുകയോ അസൂയയോടെയോ അന്യരെപ്പോലെയോ കണ്ടില്ല. ആരും എന്നെ വിമർശിച്ചതുമില്ല. ഈ എല്ലാ കാര്യങ്ങളെക്കാളും എനിക്കു പ്രകടമായ നിലയിലുള്ള സന്തോഷകരമായ ജീവിതത്തിൽ എനിക്കുമുമ്പേ ഒരിക്കലും കിട്ടാത്ത അനുഭവം കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ചയായിരുന്നു. എനിക്കെന്റെ പുറത്തുനിന്ന് ഭാരമുള്ള ഒരു കല്ല് വീണുപോയതുപോലുള്ള സമാധാനമാണ് കിട്ടിയത്. ഞാൻ അസ്വസ്ഥനായിരുന്നു. പക്ഷേ, ഇപ്പോൾ എന്റെ അസ്വസ്ഥതകളൊക്കെ മാറിയിരിക്കുന്നു. ഞാൻ സംതൃപ്തനായിട്ടാണ് മടങ്ങുന്നത്. തീർച്ചയായും പുതിയ അറിവുകൾകൊണ്ടും പരിചയപ്പെട്ട ആളുകളെക്കൊണ്ടും ഞാൻ ധന്യനായിരിക്കുന്നു.

ബോസ്നിയയിൽനിന്നുവന്ന റെഡ്ക്രോസ് സൊസൈറ്റിയുടെ സെക്രട്ടറി ഇന്ദിര ഹയ്ദർ സാഹിബ പറയുന്നു:ഞാനുമായുള്ള കൂടിക്കാഴ്ചയെ കുറിച്ചാണ് പറയുന്നത്. അദ്ദേഹത്തെ ഫ്രാങ്ക്ഫർട്ടിൽ വെച്ചാണ് കണ്ടത്. അദ്ദേഹം നല്ല കാര്യങ്ങളാണ് പറഞ്ഞിരുന്നത്. അതുകൊണ്ട് ഞാൻ സന്തോഷഭരിതയായിരുന്നു. എനിക്ക് ഖലീഫയെ നേരിട്ട് ശ്രവിക്കാൻ കഴിഞ്ഞു. അഹ്മദിയ്യാ ജമാഅത്തും ഹ്യൂമാനിറ്റി ഫസ്റ്റും പലരീതിയിലുള്ള പ്രയാസങ്ങളുമുണ്ടായിട്ടും ഞങ്ങളുടെ രാജ്യത്ത് വളരെ ആത്മാർഥമായി സൃഷ്ടിസേവനം ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ വന്നപ്പോൾ സന്നദ്ധസേവകരുടെ നിർലോഭമായ ജനസേവനത്തിനുള്ള ആവേശത്തിന്റെ യഥാർഥ കാരണം ഖിലാഫത്താണ്. യാഥാർഥ്യവും ഇതുതന്നെയാണ്.

വീണ്ടും പറയുന്നു: ലോകത്തിലെ വിവിധഭാഗങ്ങളിലുള്ള വിവിധ ജനങ്ങളെ എങ്ങനെയാണ് ഒരു ചരടിൽ കോർത്തിണക്കുന്നതെന്നും എനിക്കു മനസ്സിലായി. മുഴവൻ മനുഷ്യകുലത്തേയും ഏക സമുദായമാക്കുന്നതിലും ലോകത്തിലെ നന്നാക്കുന്നതിൽ തങ്ങളുടെ പങ്കാളിത്തം നൽകുന്നതിലും അനുഭവങ്ങൾ എന്നെ ധൈര്യവതിയാക്കുന്നതിലും എന്റെ അറിവ് സുദൃഢമാകുന്നതായും എനിക്ക് അനുഭവപ്പെട്ടു. ഈ അവസരം മുസ്‌ലിമാണെന്നതിൽ എനിക്ക് അഭിമാനം തോന്നുന്നതിൽ ശക്തിപകരുക മാത്രമല്ല മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയുടെ കാര്യത്തിൽ പരിശ്രമിക്കുന്നതിലും മതാന്തര ചർച്ചകളെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതലായി ഭാഗഭാക്കാകാൻ പ്രേരണ നലുകുകയും ചെയ്യുന്നു.

ബോസ്നിയയിൽനിന്നു വന്ന അതിഥി അമീന സാഹിബ പറയുന്നു:സന്നദ്ധസേവകരുടെ സംവിധാനം വളരെ നല്ലതായിരുന്നു. സ്ത്രീകളുടെ ഭാഗത്ത് തർജമയുടെ പ്രശ്നം കാരണം ഞങ്ങൾക്ക് ചില പരിപാടികൾ പിന്തുടരാൻ കഴിഞ്ഞില്ല. സ്ത്രീകളുടെ ഭാഗത്ത് തർജമ ഇല്ലായിരുന്നു. (ഞാൻ തുടക്കത്തിൽപറഞ്ഞ കാര്യത്തെ ഇവരും സാക്ഷ്യപ്പെടുത്തുകയാണ്). ഖലീഫയുടെ പ്രഭാഷണത്തിന്റെ തർജമ എനിക്ക് സ്ത്രീകളുടെഗ്രൂപ്പ് ലീഡർ ചെയ്തു തന്നിരുന്നു. എല്ലാ പരിപാടികളും എപ്പോഴും വിശദ്ധഖുർആൻ പാരായണവും തർജമയും കൊണ്ടാണ് തുടങ്ങുന്നതെന്നതും മുസ്‌ലിമീങ്ങൾ തങ്ങളെ വിദ്യാസമ്പന്നരാരാക്കണമെന്നും തങ്ങളുടെ അറിവിനെ പ്രാവർത്തികമാക്കണമെന്നുമുള്ള ഖലീഫയുടെ ഉപദേശവും എനിക്ക് ഏറെ ഹൃദ്യമായി അനുഭവപ്പെട്ടു. ഈ യൊരു മാർഗത്തിലൂടെ മാത്രമെ ഉമ്മത്തിന്റെ അഥവാ സമുദായത്തിന്റെ ഇന്നത്തെ അവസ്ഥയിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളു.രണ്ടാം ദിവസം വീണ്ടും തർജമയിൽ പ്രശ്നം നേരിട്ടപ്പോൾ സ്ത്രീകൾ തർജമ കേൾക്കാൻ പുരുഷന്മാരുടെ ഭാഗത്ത് പോയി. ആ സമയത്ത് ഞാൻ സ്ത്രീകളുടെ ഭാഗത്തായിരുന്നുവെന്ന് അവർ പറയുന്നു. എന്റെ പ്രഭാഷണം സ്ത്രീകൾക്ക് വളരെ സഹായകരമായിരുന്നു. നബി(ശ)തിരുമേനിയുടെ കാലത്തെ ഉദാഹരണങ്ങൾ നൽകിയത് എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടു. അവർ പറയുന്നു, പിന്നീട് ഞായറാഴ്ചത്തെ പരിപാടിയിൽ ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളേയും അന്യരുടെ അവകാശങ്ങളുടെ സംരക്ഷണത്തേയും സംബന്ധിച്ചാണ് പറഞ്ഞിരുന്നത്. നമ്മൾ എല്ലാ കാര്യത്തിലും ഉത്തമരായിരിക്കണമെന്ന സന്ദേശംതന്നെ എന്നെ ഏറെ ആകർഷിച്ചു. അതിൽ നമ്മൾ നീതി ചെയ്താൽ മാത്രമെ പുരോഗതി കൈവരിക്കുകയുള്ളു. അപ്പോൾ സമൂഹത്തിൽ സമാധാനവും സ്ഥാപിതമാകും. തുടങ്ങിയ കാര്യങ്ങളും പറഞ്ഞിരുന്നു. പിന്നീട് പറയുന്നു: ഈ കാര്യങ്ങളൊക്കെയുമായാണ് ഞാൻ പോകുന്നത്. ഇതെനിക്ക് വഴികാട്ടിയാണ്.

ജോർജിയായുമായി ബന്ധംവെക്കുന്ന ഒരു സ്ത്രീ ലിയാ സാഹിബ പറയുന്നു: ഞാനിപ്പോൾ ഹോളണ്ടിൽ തിയോളജിയും റിലീജിയസ് സ്റ്റഡീസിൽ മാസ്റ്ററും ചെയ്തുകൊണ്ടിരിക്കുകയാണ്. ജോർജി നിവാസിയാണ്. ആദ്യമായാണ് ജൽസ കാണാൻ അവസരം ലഭിക്കുന്നത്. വലിയവരും ചെറിയവരും എത്ര ആത്മാർഥമായാണ് സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആഗോളബയ്അത്ത് കണ്ടപ്പോൾ വികാരങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. ജൽസയുടെ അവസാന ദിവസം തങ്ങൾ ഇസ്‌ലാമനുസരിച്ച് ജീവിക്കുമെന്ന് എല്ലാവരിൽനിന്നും വാഗ്ദാനം വാങ്ങുകയായിരുന്നു. ഈ ബയ്ത്തിൽനിന്ന് അതാണ് അവർ ഉൾക്കൊള്ളേണ്ട പാഠം. എന്റെ മനസ്സിൽ കോറിയിട്ട ഒരു പ്രധാനചിത്രം കാലത്തിന്റെ ഖലീഫ നമുക്കു മുമ്പിൽ സമർപിച്ച തൂലികാ ജിഹാദാണ്. ഞാൻ അതിനെ പൂർണമായും അംഗീകരിക്കുന്നു.

ഇസ്‌ലാം മുസ്‌ലിം സ്ത്രീളോടും ഇസ്‌ലാമിക സന്ദേശം പ്രചരിപ്പിക്കാൻ പറയുന്നുവെന്ന കാര്യം എനിക്ക് വളരെ ആകർഷണീയമായിത്തോന്നി. ഭാവിയിൽ ലോകം ഇസ്‌ലാമിനെ സംബന്ധിച്ച് ചിന്തിക്കുമെന്നും അങ്ങനെ തങ്ങളുടെ ദൈവത്തെ തിരിച്ചറിയുന്നവരായിത്തീരുമെന്നും ഞാനുറച്ചു വിശ്വസിക്കുന്നു.

* ജോർജിയായിൽനിന്ന് ഒരു സുന്നിസ്കോളറായ മിസ്റ്റർ വെയ്സൽ വന്നിരുന്നു. അദ്ദേഹം പറയുന്നു:ഞാൻ ജോർജിയായിലാണ് താമസിക്കുന്നത്. 15-ാമത്തെ വയസ്സിൽ ഞാൻ ക്രിസ്തുമതം ഉപേക്ഷിച്ച് ഇസ്‌ലാം സ്വീകരിച്ചതാണ്. അതിനുശേഷം ഏകദേശം 15 വർഷം മദീനമുനവ്വറയിൽ താമസിച്ചു. ഇസ്‌ലാമിക പാഠങ്ങളും അറബി ഭാഷയും പഠിച്ചു. എന്റെ പഠനത്തിന്നിടയിൽ നിങ്ങളുടെ ജമാഅത്തിനെപറ്റി, അഹ്മദികൾ ഞങ്ങളെ കാഫിറാക്കുന്നുവെന്നും അഹ്മദികളുടെ വിശ്വാസം തന്നെ വേറെയാണെന്നുമുള്ള തെറ്റായ കാര്യങ്ങളാണ് ഞാൻ കേട്ടിരുന്നത്. ജോർജിയയിൽ ഞാൻ നിങ്ങളുടെ മിഷണറിയുമായി കൂടിക്കാഴ്ച നടത്തി. ജമാഅത്തിനെപറ്റി പരിചയപ്പെടുകയും ചെയ്തു. നിങ്ങൾ വിവിധഗ്രാമങ്ങളിൽ ഖുർബാനിയുടെ (ഉളുഹിയ്യത്തിന്റെ)മാംസം വിതരണം ചെയ്തിരുന്നു. ഞങ്ങളുമായി ബന്ധപ്പെട്ടപ്പോൾ ഞങ്ങൾ

സഹായിക്കുകയുണ്ടായി. പിന്നീട് അദ്ദേഹത്തെ കുറിച്ചെഴുതിയിരുക്കുന്നു. ജൽസയിൽ പങ്കെടുക്കാൻ വരുന്നതിനുമുമ്പേ ജാമിഅ അസ്ഹർ ജമാഅത്തിനെ സംബന്ധിച്ച് എന്തു ഫത്വയാണ് നല്കിയതെന്ന് നോക്കി. അതായത് ഞാൻ അഹ്മദികളുടെ അടുത്തു പോകുകയാണ് ജാമിഅ അസ്ഹർ എന്താണ് അവരെക്കുറിച്ച് പറയുന്നത്?ഞാൻ ഉമ്മത്തെ ഇസ്‌ലാമിയായിലെ ജമാഅത്തിനെപറ്റി എല്ലാ മുസ്‌ലിമീങ്ങളുടേയും ചിന്താഗഗതികൾ വായിക്കുകയുണ്ടായി. എല്ലാ ഫത്വകളും കണ്ടിട്ട് ഞാൻ തീരുമാനിച്ചത് അഹ്മദിയ്യ ജമാഅത്തിനെ അടുത്തുനിന്ന് കാണണമെന്നാണ്. ജനങ്ങൾ കാഫിർ എന്നു പറയുന്നു. ഇതെന്താണെന്ന് എനിക്ക് നോക്കണം!പിന്നീട് ജൽസയിൽ വന്നിട്ട് ജമാഅത്തിനെപ്പറ്റി അടുത്തറിഞ്ഞപ്പോൾ അദ്ദേഹം പറയുന്നു: ഇതു തീർച്ചയായും ഇസ്‌ലാമിന്റെ ഭാഗമാകുന്നു. ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ടപ്പോൾ നിങ്ങളെ കാഫിർ എന്നു പറയുന്നത് തികച്ചും തെറ്റാണെന്ന തീരുമാനത്തിലെത്തി. നിങ്ങളും മറ്റു മുസ്‌ലിം വിഭാഗങ്ങളെപ്പോലെ ഇസ്‌ലാമിലെ ഒരു വിഭാഗമാകുന്നു. ഞാൻ ഖലീഫയെ വളരെയധികം വിലമതിക്കുന്നു. എന്റെ മനസ്സിൽ നിരവധി ചോദ്യങ്ങളുണ്ടായിരുന്നു. അതെല്ലാം ജൽസയുടെ മൂന്നുദിവസങ്ങളിൽ പരിഹരിക്കപ്പെട്ടു. നിങ്ങളുടെ ജമാഅത്തിനേയും സ്ഥപകരേയും കുറിച്ച് വിശദമായി സംസാരിക്കാൻ അവസരം കിട്ടി. തിരിച്ച് ജോർജിയായിൽപ്പോയി ജമാഅത്തിന്റെ വിവിധ ഗ്രന്ഥങ്ങൾ വായിച്ചു തുടങ്ങുന്നതാണ്. നിങ്ങളുമായി കണ്ടുമുട്ടിയതിൽ ഏറെ സന്തോഷമുണ്ട്.

കോസോവോയിൽനിന്ന് വന്ന ഒരു അതിഥി അദ്ദേഹം വേഗാൻ മുനിസിപ്പാലിറ്റിയുടെ ഒഫീഷ്യൽ ഡയറക്ടർ ഓഫ് എജ്യുക്കേഷനാണ്. അദ്ദേഹം പറയുന്നു:ജൽസയിൽ ഞാൻ പ്രഭാഷണങ്ങൾ കേൾക്കുകയും കാര്യങ്ങൾ പഠിക്കുകയും ചെയ്തു. അതെന്റെ ബുദ്ധിയിൽ കൊത്തിവെക്കപ്പെട്ടിരിക്കുന്നു. കൊസോവോയിലെ എന്റെ സുഹൃത്തുക്കളോടും കൂട്ടുകാരോടും ഈ ജൽസയെ സംബന്ധിച്ച് പറയാൻ വെമ്പൽ കൊള്ളുകയാണ്. പ്രത്യേകിച്ചും ഞാൻ കാലത്തിന്റെ ഖലീഫയുടെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. ഇതു കൂടാതെ ഞാനും എന്റെ കൂട്ടുകാരും അനുഭവിച്ച അസാധാരണവും സ്നേഹനിർഭരവുമായ ആതിഥ്യവും എപ്പോഴും ഞങ്ങളുടെ ഹൃദയങ്ങളിലുണ്ടായിരിക്കുന്നതാണ്. അല്ലാഹു നിങ്ങൾക്ക് ഒരുപാട് സന്തോഷം പ്രദാനം ചെയ്യുമാറാകട്ടെ.

കോസോവോയിൽനിന്ന് വന്ന ഒരു അതിഥി അവൗനി ജശാരി സാഹിബ് ലിപ്ജൻ മുനിസിപ്പാലിറ്റിയുടെ മേയറിന്റെ കാബ്നിറ്റിലെ നേതാവാണ്. അദ്ദേഹം പറയുന്നു:എന്നെ സംബന്ധിച്ചിടത്തോളം തീർച്ചയായും അസാധാരണവും ആകർഷണീയവുമായ വിജ്ഞാനങ്ങൾ ഈ ഖജനാവിൽനിന്നാണ് ലഭിച്ചത്. അതെപ്പോഴും എന്റെ കൂടെയുണ്ടായിരിക്കും. ഈ അനുഭവം എന്നിൽ വലിയ സ്വാധീനമാണുണ്ടാക്കിയതെന്ന് ഞാൻ ഊന്നിപ്പറയാനാഗ്രഹിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ജൽസാസാലാന വൈജ്ഞാനിക ലോകത്തെ പൂന്തോപ്പാകുന്നു. അത് സഹകരണത്തേയും സാഹോദര്യത്തേയും പ്രോത്സാഹിപ്പിക്കുന്നു. അതോടൊപ്പം ഇതു നിങ്ങളുടെ കമ്യൂണിറ്റിയുടെ മാത്രംപ്രത്യേകതയാണ്.ഞാൻ അതിനെ ശ്ലാഘിക്കുന്നു. മാതൃകാപരമായ പ്രവർത്തനവും സമൂഹത്തിന് പ്രയോജനം ചെയ്യാൻ ആസൂത്രണങ്ങൾ ചെയ്തുകൊണ്ട് നടപ്പാക്കുന്നതും സംബന്ധിച്ച് തുടർച്ചയായ പ്രവർത്തനങ്ങളെ കാണിച്ചുതരികയും ചെയ്യുന്ന അവസരമാകുന്നു.

എലിസ് ഹാൻ കോസോവോയുടെ മേയർ മിസ്റ്റർ മഹ്മ്മത്ത് പറയുന്നു: ഈ അനിതരസാധാരണമായ ജൽസ എന്നിൽ ആഴത്തിലുള്ള സ്വാധീനമാണുണ്ടാക്കിയത്. ഈ സമ്മേളനത്തിന്റെ സകല ഭാഗത്തും പ്രകടമായ ഐക്യത്തിലും സമാധാനത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ വികാരം എന്നെ ആകർഷിക്കുന്നു. പ്രഭാഷണങ്ങൾ നല്ല നിലവാരമുള്ളവയായിരുന്നു. പ്രത്യേകിച്ചും ഖലീഫയുടെ പ്രഭാഷണം എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതാവഹവും വിശ്വസവർധകവുമായിരുന്നു. ഞാനിപ്പോൾ ഇസ്‌ലാമിനെ ശരിയായ നിലയിൽ മനസ്സിലാക്കിയിരിക്കുന്നു. സംഘാടകരുടെ ആതിഥ്യത്തേയും ഞാൻ ശ്ലാഘിക്കുന്നു. സകലരും നല്ല അതിഥി സൽക്കാരമാണ് നല്കിയത്.

താജിക്കിസ്താനിൽനിന്നു വന്ന ഒരു സുഹൃത്ത് ആർസു കരീം സാഹിബ് അറബിക്, താജിക് ഭാഷകളിൽ പ്രാവീണ്യമുള്ളയാളും ജാമിഅ അസ്ഹറിൽനിന്ന് വിദ്യഭ്യാസം കരസ്ഥമാക്കിയ ആളുമാണ്. നിരവധി അറബി പുസ്തകങ്ങൾ താജിക് ഭാഷയിൽ തർജമ ചെയ്തിട്ടുണ്ട്. നിരവധി താജിക് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:ഞാൻ ജൽസ സശ്രദ്ധം ശ്രവിക്കുകയുണ്ടായി. ഞാൻ ഇവിടെയുള്ള ആളുകളെ കണ്ടു. ഇപ്പോൾ മറ്റു മതവിഭാഗങ്ങളിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നതും എന്നാൽ, അഹ്മദികളിൽ കാണുന്നതുമായ സൽസ്വഭാവത്തെപറ്റിയാണ് എനിക്കു പറയാനുള്ളത്. അതെല്ലാം അഹ്മദികളുടെ ശ്രേഷ്ഠകരമായ ധാർമിക സ്വഭാവങ്ങളാകുന്നു. (അതിനാൽ എല്ലാ അഹ്മദികളും ഉദാത്തമായ സ്വഭാവവൈശിഷ്ട്യം പ്രകടിപ്പിക്കേണ്ടതാണ്). ഞാൻ നിരവധി ഇസ്‌ലാമിക സംഘടനകളെ ക്കുറിച്ച് പഠിച്ചിട്ടുണ്ട്. മറ്റു സംഘടനകൾ ഇസ്‌ലാമിന്റെ ഒരു ശതമാനം കാര്യമാണ് നടപ്പിൽ വരുത്തുന്നതെങ്കിൽ ഈ ജമാഅത്ത് 99% പ്രാവർത്തികമാക്കുന്നു.

ഒരു ബുക്സ്റ്റാളിലെ നിരവധി ഭാഷകളിലുള്ള സാഹിത്യങ്ങൾ നിങ്ങളുടെ ശക്തമായ തബ്‌ലീഗിന്റെ തെളിവാകുന്നു. ഞാൻ തുടർന്ന് വീണ്ടും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ജമാഅത്തിനെപറ്റി കൂടുതൽ അറിയാനും ആഗ്രഹമുണ്ട്. ഞാൻ അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയപ്പെടുന്നില്ല. ഖലീഫയുമായുള്ള കൂടിക്കാഴ്ചയും എനിക്ക് വളരെ ഇഷ്ടമായി. യഥാർഥ ദൗർബല്യം നമ്മളിൽത്തന്നെയാണുള്ളതെന്നും എന്നിട്ടും നമ്മൾ എപ്പോഴും ഭരണകൂടത്തേയും ഭരണത്തേയും ശപിക്കുകയാണെന്നുമുള്ള ഖലീഫയുടെ വാക്കുകളോടു ഞാൻ പരിപൂർണമായും യോജിക്കുന്നു. അദ്ദേഹം പറയുന്നു, വീണ്ടും കൂടിക്കാഴ്ചയുണ്ടാകണമെന്നും ഫലമെടുക്കണമെന്നും ഞാൻ പ്രതിക്ഷിക്കുന്നു.

താജിക്കിസ്താനിൽനിന്നു വന്നിട്ടുള്ള സംഘത്തിലെ ഒരു അനഹ്മദി സുഹൃത്ത് പറയുന്നു:ഖലീഫയുമായുള്ള കൂടിക്കാഴ്ചയിൽ താജിക്കിസ്താനിലെ രാഷ്ട്രീയ പ്രശ്നങ്ങളേയും മതപരമായ വിലക്കുകളേയും പറ്റി വിശദമായി സംസാരിച്ചു. അദ്ദേഹത്തിന് മുഴുവൻ മനുഷ്യകുലത്തെ പറ്റിയും ചിന്തയുണ്ടെന്ന കാര്യം എനിക്കിഷ്ടമായി. വരുന്നതിനുമുമ്പേ ജമാഅത്തിനെ പറ്റി തെറ്റായ വിവരങ്ങളാണ് കിട്ടിയിരുന്നത്. എന്നാൽ, എനിക്ക് നിങ്ങളുടെ ജമാഅത്തിൽനിന്ന് സാഹോദര്യത്തിന്റേയും മനുഷ്യത്വത്തിന്റേയും അധ്യാപനങ്ങൾ പഠിക്കാൻഅവസരം കിട്ടി.

താജികിസ്ഥാനിലെ മുബല്ലിഗ് പറയുന്നു: താജിക്കിസ്താൻ സംഘത്തിൽ വിമർശനസ്വഭാവമുള്ളഒരു സുഹൃത്തുമുണ്ടായിരുന്നു. ജൽസയുടെ രണ്ടുദിവസം ആക്ഷേപിക്കുക മാത്രമാണ് ചെയ്തിരുന്നത്. ഒരു ആക്ഷേപം ഉന്നയിച്ച് അതിനുള്ള മറുപടി കേൾക്കാൻ ശ്രമിക്കാതെ അടുത്ത ആരോപണം ഉന്നയിച്ചിരുന്നു. അദ്ദേഹത്തോടു സുഹൃത്തുക്കൾ പറഞ്ഞു: നമ്മൾ ആദ്യം കാണണം. വെറുതെ ആരോപണമുന്നയിക്കരുത്. പിന്നെ ജൽസയുടെ രണ്ടാം ദിവസം ഞാനുമായി അവരുടെ കൂടിക്കാഴ്ച നടന്നു. ഞാൻ അദ്ദേഹത്തിൽനിന്നുതന്നെയാണ് സംസാരം തുടങ്ങിയത്. ആദ്യം അദ്ദേഹത്തെ പരിചയപ്പെട്ടു. മാസ്ക് ധരിച്ചാണ് വന്നിരുന്നത്. താങ്കൾ മാസ്കൊന്നു നീക്കുക ഞാൻ താങ്കളുടെ മുഖമൊന്നു കാണട്ടെ എന്നു പറഞ്ഞു. വളരെ വിശദമായി സംസാരിച്ചു. കൂടിക്കാഴ്ചയ്ക്കുശേഷം മുറബ്ബിസാഹിബ് പറയുന്നു:അദ്ദേഹത്തിന് വലിയ സന്തോഷമായി. ഖലീഫയുമായി കൂടിക്കാഴ്ച നടന്നെന്നും എനിക്കുവേണ്ടി ദുആചെയ്തെന്നും പറഞ്ഞു. അതിനുശേഷം അത്ഭുതമെന്നു പറയട്ടെ, രണ്ടുദിവസും ഒരാക്ഷേപവും ഉന്നയിച്ചിട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ മനസ്സ് ശുദ്ധമായി. ആക്ഷേപങ്ങൾ അവസാനിച്ചു.

ജൽസസാലാനയിൽ പങ്കെടുത്ത ചില അറേബ്യൻ സുഹൃത്തുക്കളുടെ അഭിപ്രായങ്ങളുമുണ്ട്. ഒരു സുഹൃത്ത് സിറിയയിൽനിന്നുള്ള മുഹമ്മദ് അലി സാഹിബാകുന്നു. അദ്ദേഹം പറയുന്നു: എന്റെയൊരു സുഹൃത്ത് മുഖേനയാണ് എനിക്ക് അഹ്മദിയ്യത്തിന് കുറിച്ച് അറിയാൻ കഴിഞ്ഞത്. അദ്ദേഹംഎന്നെ ജൽസയിൽ കൊണ്ടുവന്നു. പകൽ കഴിച്ചുകൂട്ടി രാത്രി മടങ്ങിപ്പോകാമെന്നാണ് കരുതിയിരുന്നത്. വീട് അടുത്തുതന്നെയാണ്. കാരണം ഇവിടെയുള്ള സ്ഥലം സൗകര്യപ്രദമായിരുന്നില്ല. ഇവിടെയുള്ള സംവിധാനവും അന്തരീക്ഷവും എല്ലാവർക്കും അറിയുന്നതുപോലെ പുഞ്ചിരിക്കുന്നതും വളരെ നല്ലചുറ്റുപാടുമായി അനുഭവപ്പെട്ടു. ഇത്തരമൊരു അന്തരീക്ഷം ഞാൻ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ല. ഞാനെന്റെ തീരുമാനം മാറ്റിയിരിക്കുന്നു. ഇവിടെ ജൽസയിൽ താഴെ വിരിച്ചിട്ടുള്ള പായയിൽ കിടന്നുറങ്ങാമെന്നും അതിലൊരു പ്രശ്നവുമില്ലെന്നും കരുതി. ജൽസയുടെ അടുത്ത ദിവസംതന്നെ അഹ്മദിയ്യത്തിന്റെ സത്യം എന്റെ ഹൃദയത്തിൽ ഇടം പിടിച്ചു. ഞാൻ ബയ്അത്തു ചെയ്യാൻ തീരുമാനിച്ചു. അല്ലാഹു എനിക്ക് അതിനുള്ള തൗഫീഖും തന്നു. ഞാൻ അഹ്മദികളുടെ സംവിധാനത്തോടുള്ള പ്രതിബദ്ധതയിലും ഭിന്നിപ്പ് ഇല്ലാത്തതിലും വള

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

രെ ആകൃഷ്ടനായിരുന്നു. ഇവിടെയുള്ള സകല സംഘാടകരും അതിഥികളും തങ്ങളുടെ ഉത്ത രവാദിത്വത്തെ കുറിച്ച് അറിയുന്നവരാകുന്നു.

അബ്ദുർറഹ്മാൻ ഇസ്മായീൽ സാഹിബ് പറയുന്നു: ഞാൻ ജൽസസാലാനയിൽ ആദ്യമാ യാണ് പങ്കെടുക്കുന്നത്. ലോകത്ത് ഒരു സംഘ ടനയും ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ലോകത്തിന്റെ എല്ലാഭാഗത്തുനിന്നും ആളുകൾ പങ്കെടുത്തിരുന്നു. പക്ഷേ, ഒരു തരത്തിലുള്ള വഴക്കും വക്കാണവും കാണാൻ കഴിഞ്ഞില്ല. പരസ്പര സ്നേഹത്തിന്റേയും സാഹോദര്യത്തി ന്റേയും ഉന്നതമാതൃകയാണ് കണ്ടത്. പ്രതീക്ഷി ച്ചതിലും കൂടുതലാളുകൾ പങ്കെടുത്തിരുന്നു. എനിക്ക് ഏറെ പ്രയോജനമെടുക്കാൻ കഴിഞ്ഞു.

മിസ്റിൽനിന്നുള്ള അബ്ദുല്ലാഹ് ഇസ്സത്ത് അഖീലവി സാഹിബ് ഫിസിക്സിൽ പോസ്റ്റു ഗ്രാജുവേഷൻ ചെയ്യുകയാണ്. അദ്ദേഹം പറയു ന്നു:ഫിസിക്സിൽ എല്ലാ കാര്യവും സംശയദൃ ഷ്ടിയോടെയാണ് കാണാറുള്ളത്. അതുകൊണ്ട് എല്ലാ കാര്യങ്ങളും സംശയത്തോടെ കാണുന്നത് എന്റെ സ്വഭാവത്തിന്റെ ഭാഗമായിട്ടുണ്ടായിരുന്നു. ഞാൻ വളരെക്കാലം മുമ്പേ ബയ്അത്ത് ചെ യ്തിരുന്നതാണ്. ജമാഅത്തിനോടും ഖിലഫാ ത്തിനോടും ബന്ധം പുലർത്താറുണ്ടായിരുന്നു. എന്നാൽ, പതുക്കെപ്പതുക്കെ മറ്റു കാര്യങ്ങൾക്കു പുറമെ ജമാഅത്തിനെപറ്റിയും സംശയമുണ്ടാ കാൻ തുടങ്ങി. ഞാൻ ജമാഅത്തിൽനിന്ന് അക ന്നുകൊണ്ടിരുന്നു. ഈ വർഷം ജർമനി ജൽസ സാലാനയിൽ പങ്കെടുക്കാൻ വന്നതാണ്. പക്ഷേ, രജിസ്ട്രേഷനിൽ കാലതാമസമുണ്ടായി. രജിസ് ട്രേഷൻ സമയത്തിനു നടക്കുന്നില്ലെന്നതാണ് അവരെ കുറിച്ചുള്ള പരാതി. ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കേണ്ടിവരുന്നു. ഏതായാലും ഈ വൈകിയത് അദ്ദേഹത്തിന് ഫലം ചെയ്തു. അദ്ദേഹം പറയുന്നു ഞാനെ ത്തിയപ്പോൾ ഖുത്ബ തുടങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ ജൽസാഗാഹിലെത്തിയപ്പോൾ മനുഷ്യൻ ദുർഭാവന ചെയ്യുകയാണെങ്കിൽ ഒരുനിമിഷം പോലും ലോകത്ത് കഴിച്ചുകൂട്ടാൻ കഴിയുക യില്ലെന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളാണ് കേട്ടത്.

ഹുദൂർ പറയുന്നു: ഞാൻ ഹദ്റത്ത് മസീ ഹ് മൗഊദ്(അ)ന്റെ ഉദ്ധരണി വായിക്കുകയാ യിരുന്നു. അതിൽ വിഷം കലർത്തിയിട്ടുണ്ടോ എന്നോർത്ത് അദ്ദേഹത്തിന് വെള്ളം കുടിക്കാൻ പോലും കഴിഞ്ഞില്ല. നശിപ്പിക്കുന്ന എന്തെങ്കി ലും അതിൽ ചേർത്തിട്ടുണ്ടോ എന്നോർത്ത് ചന്തയിൽനിന്ന് കൊണ്ടുവന്ന ഭക്ഷണവും തി ന്നാൻ കഴിഞ്ഞില്ല. പിന്നീടെങ്ങനെയാണ് അദ്ദേ ഹം ജീവിച്ചിരുന്നത്?(മൽഫൂദാത്ത് വാള്യം 3, പേജ് 73, 1984 പതിപ്പ്). അദ്ദേഹം പറയുന്നു, ഈ വാക്കുകൾ കേട്ടുടനെ ഞാൻ ഉള്ളിൽ വി റച്ചിരുന്നുപോയി. അപ്പോൾ ജൽസഗാഹിലുള്ള എന്റെ വരവ് ദൈവികമായ വിധിയായിരുന്നു. കാരണം ആദ്യ വാക്യംതന്നെ എന്റെ രോഗത്തി നുള്ള ചികിത്സയായിരുന്നു; എന്നെ ഇങ്ങനെ സം ബോധനചെയ്തു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ! അദ്ദേഹം പറയുന്നു:ഇത് യാദൃച്ഛികമായൊരു സംഭവമാകാനിടയില്ല. അതിന്റെ സ്വാധീനം എന്റ മനസ്സിൽ ആഴത്തിലാണിറങ്ങിയത്. ദൈവാനു ഗ്രഹത്താൽ സംശയങ്ങളും തെറ്റായ ധാരണക ളുമെല്ലാം അവസാനിച്ചു. അൽഹംദുലില്ലാഹ് അല്ലാഹു ജൽസസാലാനയിൽ പങ്കെടുത്ത കാ രണത്താൽ എനിക്ക് സംശയങ്ങളിൽനിന്നും തെറ്റായ ധാരണകളിൽനിന്നും മോക്ഷം നല്കി. ഈ സംഭവം അദ്ദേഹംതന്നെ കേൾപ്പിക്കുകയും ചെയ്തിരുന്നു.

കാമറോണിൽനിന്ന് ഇമാം സാഹിബ് വന്നി രുന്നു. അവിടുത്തെ വലിയ ഇമാമാണ്. കാമ റോണിലെ ദോവാലാ നഗരത്തിലെ ചീഫ് ഇ മാമാണ്. കൂടാതെ രണ്ടു റീജ്യണിന്റെ ഉലമാ കൗൺസലിന്റെ ചെയർമാനുമാണ്. അനഹ്മദി യാണ്. അദ്ദേഹം പറയുന്നു:ഞാനാദ്യമായാണ് ഇത്രവലിയ പരിപാടിയിൽ പങ്കെടുക്കുന്നത്.

ജൽസസാലാനയിൽ വിവിധ വർണങ്ങളിലുള്ള ആളുകൾ പങ്കെടുത്തതും എല്ലാവരും സന്തോ ഷത്തോടെ കണ്ടുമുട്ടുകയും പരസ്പരം ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ സ്നേ ഹത്തോടും പ്രിയത്തോടും കൂടി പെരുമാറിയെ ന്നതും എന്നെ സംബന്ധിച്ചിടത്തോളും വളരെ അത്ഭുതകരമായ കാര്യമായിരുന്നു. മൂന്നു ദിവസ വും ഇവിടെ ഒരു തരത്തിലുള്ള വഴക്കും എനിക്ക് കാണാൻ കഴിഞ്ഞില്ല. വീണ്ടും അദ്ദേഹം പറയു ന്നു: എക്സിബിഷനിൽ ചെന്നപ്പോൾ ഒരുപാട് അറിവ് വർധിച്ചു. ഞാൻ ജമാഅത്തു ചെയ്യുന്ന സേവനങ്ങളിൽ ഒരുപാടൊരുപാട് ആകർഷിത നാണ്. വീണ്ടും അദ്ദേഹം പറയുന്നു: ജമാഅ ത്തിന്റെ ഇമാമിന്റെ പ്രസംഗങ്ങൾ വളരെ യുക്തി നിർഭരമായിരുന്നു. ഇസ്ലാമികാധ്യാപനങ്ങളെ നല്ലരീതിയിൽ കോറിയിട്ടിരുന്നു. സ്ത്രീകളോടു ചെയ്ത പ്രഭാഷണം എന്നെ വല്ലാതെ ആകർ ഷിച്ചു. നമ്മളെല്ലാവരും ഈ മഹത്തായ അധ്യാ പനങ്ങളനുസരിച്ച് ജീവിക്കാൻ തുടങ്ങിയാൽ ഈ ജീവിതം സ്വർഗമായിത്തീരും. അദ്ദേഹം വീണ്ടും പറയുന്നു: ജൽസയ്ക്കിടയിൽ ജമാഅ ത്തിന്റെ ഇമാമിന്റെ അനഹ്മദി അതിഥികളോ ടുള്ള പ്രസംഗം ഇസ്ലാമികാധ്യാപനങ്ങളാൽ നിർഭരമായിരുന്നു. ജമാഅത്തിന്റെ ഇമാം എങ്ങ നെയുള്ള അധ്യാപനമാണ് സമർപിച്ചതെന്നാൽ, എല്ലാ മുസ്ലിമീങ്ങളും തങ്ങളുടെ മതത്തിൽ അ ഭിമാനം കൊള്ളേണ്ടതാണ്. നമുക്കെല്ലാവർക്കും കർമപരമായ നിലയിൽ ഈ അധ്യാപനങ്ങൾ മുഴവൻ ലോകത്തിന്റേയും മുമ്പിൽ അവതരിപ്പി ക്കേണ്ടതാണ്. ഇക്കാലത്ത് അല്ലാഹു അഹ്മദിയ്യ ജമാഅത്തിന്റെ ഖലീഫയ്ക്ക് ഉൽകൃഷ്ടമായ ഇസ്ലാമികാധ്യാപനം ലോകത്തിന്റെ മുമ്പിൽ സമർപിക്കുന്നതിന് എഴുന്നേൽപിച്ചു നിറുത്തി യിരിക്കുകയാണ്. ഇമാം സാഹിബ് പറയുന്നു: മറ്റു ഉലമാഇന്റെ പ്രസംഗങ്ങളും എന്റെ അറി വിൽ ഒരുപാട് വർധന ഉണ്ടാക്കിയിട്ടുണ്ട്.

ചെക് റിപ്പബ്ലിക്കിൽനിന്ന് ഇപ്രാവശ്യം ആദ്യ മായി ഒരു റിട്ടയേർഡ് പ്രൊഫസർ ഡാനിയൽ സാഹിബ് പങ്കെടുത്തിരുന്നു. അദ്ദേഹം പറയു ന്നു: ജൽസസാലാനയിലെ ആദ്യത്തെ അനു ഭവമായിരിന്നു എന്റേത്. ഒരുപാടു കാര്യങ്ങൾ എന്നെ സ്വാധീനിച്ചു. ഒന്ന് നമസ്കാര സമയം ഞാൻ കണ്ടു. കാലത്തിന്റെ ഖലീഫയോടൊപ്പം ജമാഅത്തംഗങ്ങൾ ഏതൊരു രീതിയിലാണോ നമസ്കരിച്ചിരുന്നത്, ഖലീഫയുടെ ശ്വാസത്തോ ടൊപ്പം അവർ ശ്വാസമെടുത്തുകൊണ്ടിരിക്കുന്ന തുപോലെ അനുഭവപ്പെട്ടു. അതായത് അവർ ഒരു അസ്തിത്വമായിത്തീർന്നു. ഞാൻ ലോകത്ത് ഒരുപാട് ജനതകളേയും മതങ്ങളേയും ആളുക ളേയും കണ്ടിട്ടുണ്ട്. ഇപ്രകാരമുള്ള ഐക്യവും ഒരുമയും ആദ്യമായാണ് കാണാൻ കിട്ടിയത്. ഇതു കണ്ടിട്ട് മനസ്സ് വല്ലാതെ സന്തോഷിച്ചു. അദ്ദേഹം വീണ്ടും പറയുന്നു:ലോകത്ത് വലിയ വലിയ പ്രദർശനങ്ങളിലും പോകാനുള്ള അ വസരം എനിക്കു കിട്ടിയിട്ടുണ്ട്. അവിടെ എ വിടെയൊക്കെ സെക്യൂരിറ്റിയെ കണ്ടിട്ടുണ്ടോ അവിടുത്തെ സെക്യൂരിറ്റിക്കാരുടെ പെരുമാറ്റം കയ്പായിട്ടാണ് അനുഭവപ്പെട്ടിരുന്നത്. എന്നാൽ, ഈ ജൽസാസാലാനയിൽ സെക്യൂരിറ്റിമുതൽ എല്ലാ പണിക്കാരും പുഞ്ചിരിക്കുന്ന മുഖത്തോടു കൂടി ജനങ്ങളോടു പെരുമാറുന്നതാണ് കണ്ടത്. സൗമ്യത കണ്ടു. തീർച്ചയായും ജൽസയുടെ മുഴുവൻ അന്തരീക്ഷത്തിനുമേലും അതു പോ സിറ്റീവായിട്ടുള്ള സ്വാധീനമാണുണ്ടാക്കിയത്. സമാധാനപരമായ ഒരു അന്തരീക്ഷം സ്ഥാപി ച്ചിരുന്നു. ഇത്ര വലിയ ജനക്കൂട്ടത്തിൽ ഒരു തടസ്സവും കൂടാതെ നടക്കുകയെന്നത് തീർച്ച യായും അത്ഭുതമുളവാക്കുന്നതായിരുന്നു. ചില അഹ്മദികൾക്ക് സെക്യൂരിറ്റിയെ സംബന്ധിച്ച് പരാതികളുണ്ട്. പക്ഷേ, അല്ലാഹുവിന് നന്ദി! അന്യർക്ക് സെക്യൂരിറ്റി സംവിധാനം നല്ലതായി ത്തോന്നി. പൊതുവെ ഒന്നോ അരയോ ഒക്കെ യുണ്ടാകും!അതാരെങ്കിലും കണ്ടിട്ടുണ്ടാകും. അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്ത് ചിലപ്പോൾ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടാകും. പക്ഷേ, പൊതുവായ നിലയിൽ സെക്യൂരിറ്റിക്കാരും നല്ല ഡ്യൂട്ടി നല്കുന്നവരായിരുന്നു. പിന്നീട് ഞാനുമായി നടത്തിയ കൂടിക്കാഴ്ചയെ സം ബന്ധിച്ച് പറയുന്നു:ആദ്യം അദ്ദേഹം എന്നെ കണ്ടപ്പോൾ വലിയ ആകർഷിതനായി. ഞാൻ ഏറെ നന്ദിയുള്ളവനാണ്. ഈ കൂടിക്കാഴ്ച യും എന്റെ ജീവിതത്തിന്റെ ഒരു സുവർണ ഭാ ഗമാണ്. സംസാരത്തിൽനിന്ന് ഞാനൊരുപാട് ഫലമെടുത്തു.

മറ്റൊരാളും ചെക് റിപ്പബ്ലിക്കിൽനിന്ന് വന്നി രുന്നു. യുവാവായ അദ്ദേഹം പറയുന്നു: എ നിക്ക് ഈ ജൽസസാലാനയിൽ അഹ്മദികൾ അല്ലാഹുവിനെ കാണിച്ചുതന്നു. അല്ലാഹുവി നെ സംബന്ധിച്ചറിയാൻ ധാരാളമാളുകൾ ശ്ര മിക്കാറുണ്ട്. ഈ ജൽസയിൽ ജനങ്ങളുടെ അച്ചടക്കവും സൽസ്വഭാവവുംകണ്ട് ഞാൻ നിങ്ങളുടെ ജമാഅത്തിൽ അല്ലാഹുവിന്റെ അ സ്തിത്വം കണ്ടു.

ഇതും ഒരു നിശബ്ദമായ തബ്ലീഗാണ്.

ലിഥ്വാനിയ യൂണിവേഴ്സിറ്റിയിലെ ഒരു അ റബി പ്രൊഫസർ ഗിൻതാരേ സെരെകയറ്റെ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ സന്നദ്ധ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

സേവനമെന്ന നിലയിൽ ഇസ്‌ലാമീ ഉസ്വൂൽ കി ഫിലോസഫി എന്ന പുസ്തകം ലിഥ്വാനിയൻ ഭാഷയിൽ തർജമ ചെയ്തിട്ടുണ്ട്. അവർ പറയുന്നു: ഇസ്‌ലാമിക ലോകത്ത് അഹ്മദിയ്യ ജമാഅത്തിന് വേറിട്ടൊരു സ്ഥാനം കരസ്ഥമായിട്ടുണ്ട്. അഹ്മദിയ്യ ജമാഅത്ത് എപ്രകാരമാണോ അന്യജമാഅത്തുകളോടും അമുസ്‌ലിമീങ്ങളോടും ബന്ധം വെക്കുന്നത് മറ്റൊരു ജമാഅത്തും അങ്ങനെ ചെയ്യാറില്ല. ഒരു ഗവേഷക എന്ന നിലയിൽ എനിക്ക് ഇസ്‌ലാമിക കൽച്ചറിലും ഇസ്‌ലാമിക പാരമ്പര്യങ്ങളിലും ഒരുപാട് താൽപര്യമുണ്ട്. പക്ഷേ, ലിഥ്വാനിയയിൽ അഹ്മദിയ്യ ജമാഅത്തിനുപുറമെ ഏതെങ്കിലും ഇസ്‌ലാമി ജമാഅത്തിനോടു ചേരുന്നതും ബന്ധം വെക്കുന്നതും ഏറെ ദുഷ്കരമാണ്.ജൽസസാലാന എനിക്ക് ഗംഭീരമായ അവസരം നല്കി. ഞാൻ അഹ്മദിയ്യ ജമാഅത്തിനെ എല്ലാ വിധത്തിലും ഉരച്ചു നോക്കി. തീർച്ചയായും അഹ്മദിയ്യ ജമാഅത്ത് തങ്ങളുടെ മോട്ടോ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിൽ പൂർണമായും കർമനിരതരാണ്. ഇവിടെ എനിക്ക് 47000 ആളുകളിൽ ആരേയും അന്യരായി തോന്നിയില്ല.

ലിഥ്വാനിയയിൽനിന്നുള്ള ഒരെഴുത്തുകാരനും പത്രപ്രവർത്തകനുമായ ജിറോനിമാസ് സാഹിബ് പറയുന്നു: ലോകത്തുനിലനില്ക്കുന്ന അശാന്തിയും അതിരറ്റ ദാരിദ്ര്യവുംകൊണ്ട് ഞാൻ വളരെ പ്രയാസത്തിലാണ്. എപ്പോഴും ചിന്തിക്കാറുണ്ട് അത്തരം പരിതഃസ്ഥിതിയിൽ ഒരു സാധാരണക്കാരന് എന്താണ് ചെയ്യാൻ കഴിയുക? ഇതേ ചോദ്യം ഞാൻ ഖലീഫത്തുൽമസീഹിനോടു ചോദിച്ചപ്പോൾ എനിക്ക് അങ്ങേയറ്റം സമാധാനപരമായ മറുപടിയാണ് കിട്ടിയത്. വിശുദ്ധ ഖുർആൻ വിവരിച്ചതുതന്നെയാണ് മറുപടി നല്കിയത്. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കലാണ്. ആളുകൾ ഇതവരുടെ തലയിൽ വെക്കേണ്ടതാണ്. മരണത്തിനുശേഷവും ഒരു ജീവിതമുണ്ട്. ജനങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ ലോകത്തെപ്പോഴും അശാന്തി നിലനില്ക്കുന്നതായിരിക്കും. ഇതറിഞ്ഞപ്പോൾ എനിക്കു വളരെ സന്തോഷമുണ്ടായി. കാലത്തിന്റെ ഖലീഫയുടെ ശ്രദ്ധ ആദ്യമെതന്നെ ഈ പ്രശ്നത്തിലാണ്. അദ്ദേഹം ജനങ്ങളെ തന്റെ ഖുത്ബയിലൂടേയും പ്രഭാഷണങ്ങളിലൂടേയും ലോകത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാണ്.

കിർഗിസ്ഥാനിൽനിന്ന് കാച്ചീസ് സാഹിബ് പറയുന്നു:ജൽസയ്ക്കിടയിൽ ഞാനെന്റെ മതത്തേയും ജമാഅത്തിനേയും കുറിച്ച് ഒരുപാട് പഠിച്ചു. എന്റെ ഒരുപാടു ചോദ്യങ്ങൾക്കു മറുപടി ലഭിച്ചു. ഞാനെന്റെ ജീവിതത്തിൽ ആദ്യമായാണ് ജൽസയിൽ പങ്കെടുത്തത്. ആദ്യമായാണ് വിദേശത്തുവരുന്നത്. ഇത്രമാത്രം ആളുകൾ ജൽസയിൽ വരുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഞാൻ അവിടെ നടന്ന സകല കാര്യങ്ങളും കേട്ടു. എനിക്കു ഒരുപാട് താൽപര്യമുണ്ടായി. എല്ലാം നല്ലതുതന്നെയായിരുന്നു.

കിർഗിസ്ഥാനിൽനിന്നുവന്ന ഒരു അഹ്മദി സ്നേഹിതൻ അലിബേഗ് സാഹിബ് പറയുന്നു: ജൽസയിൽ പങ്കെടുക്കുക എന്നത് വളരെ നന്നായി തോന്നി. ബയ്അത്ത് ചെയ്തപ്പോൾ പ്രത്യേകമായൊരു അനുഭൂതിയായിരുന്നു. ഖലീഫയുമായി കൂടിക്കാഴ്ച നടന്നപ്പോൾ എന്റെ എല്ലാ വിചാരങ്ങളും വികാരങ്ങളും അതിന്റെ അവസാന പോയന്റിലെത്തിയിരുന്നു. ജൽസയിൽ വന്നതിന്റെ എന്റെ ഉദ്ദേശ്യം പൂർത്തിയായി. ജൽസയിൽ പങ്കെടുത്തതിന്റെ സ്വാധീനം എത്രമാത്രം കൂടുതലായിരുന്നുവെന്നാൽ എന്റെ ഭാര്യയും കുട്ടികളും പറയുമായിരുന്നു നിങ്ങൾ ആകെ മാറിപ്പോയെന്ന്! അടുത്ത വർഷം ഇൻശാ അല്ലാഹ് ഭാര്യയേയും മക്കളേയും കൂട്ടി ജൽസയിൽ പങ്കെടുക്കാനാണ് തീരുമാനം.

യാസ്മീൻ സാഹിബ ഒരു തുർക് സ്ത്രീയാണ്. തൊഴിൽപരമായി ടീച്ചറാണ്. ഇവിടെ ജർമനിയിൽത്തന്നെയാണ് താമസിക്കുന്നത്. അവർ ജൽസയിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു:കാലത്തിന്റെ ഖലീഫയുടെ പ്രസംഗം എന്റെ ചോദ്യങ്ങൾക്കുള്ള മറുപടിയായിരുന്നു. ജൽസയുടെ അന്തരീക്ഷം എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. ഇത്രവലിയ സമ്മേളനമായിരുന്നിട്ടും ഇത്രമാത്രം സമാധാനവും ശാന്തിയുമുണ്ടാകുകഎന്നത് എനിക്ക് മനഃശ്ശാന്തി പ്രദാനം ചെയ്യുന്നു. ഇത്രയധികം ആളുകളെ കേവലം ദൈവപ്രീതിക്കുവേണ്ടി സംഘടിപ്പിക്കുകയും പിന്നീട് അവരെല്ലാവരേയും സ്നേഹത്തിന്റെ മാലയിൽ കൊരുക്കുകയും ചെയ്യുക എന്നത് അസാധാരണമായൊരു അത്ഭുതമുളവാക്കുന്ന കാര്യമായിരുന്നു. അവർ പറയുന്നു: ഹ്രസ്വമായി പറഞ്ഞാൽ എവിടെ എന്താണോ പറയപ്പെട്ടത്, എന്തു ചിന്തയാണോ പ്രകടിപ്പിക്കപ്പെട്ടത് അതാണ് ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നത്. ആ ദിവസം ഞാനൊരു വിഷമപ്രശ്നത്തിന്റെ എല്ലാ ഭാഗത്തേയും അതാതിന്റെ സ്ഥാനത്ത് ഫിറ്റായിരിക്കുന്നത് കണ്ടു.

സെർബിയയിൽനിന്നു വന്ന ഒരു ജേർണലിസ്റ്റ് സ്ത്താനസ്ലേവ് സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഒരു ഓർത്തഡോക്സ് ക്രിസ്ത്യാനിയായിരുന്നിട്ടും ഇന്റർനെറ്റിൽ നിങ്ങൾക്കെതിരെ ഒരുപാട് വിദ്വേഷം ഉണ്ടായിരുന്നിട്ടും ഞാൻ നിങ്ങളുടെ ജമാഅത്തിൽ വളരെ ആകർഷിതനാണ്. നിങ്ങളുടെ സംഘാടനവും സിസ്റ്റവും എന്നെ അത്ഭുതപ്പെടുത്തി.

ഞാൻ വളരെ ദുഃഖിതാനാണ്. ഞങ്ങൾക്ക് അഹ്മദിയ്യത്തിന്റെ യഥാർഥ അധ്യാപനം ലോകത്ത് പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'എന്ന നിങ്ങളുടെ മോട്ടോ ഓരോ ചുവടിലും നോക്കിക്കണ്ടു. ഞങ്ങൾക്ക് എല്ലാ പ്രവർത്തകരിലും 46000 വന്ന അംഗങ്ങളിലും ഒരു ചീത്തക്കാര്യവും കാണാൻ കഴിഞ്ഞില്ല. എല്ലായിടത്തും സമാധാനമായിരുന്നു. എല്ലാവരും നിങ്ങളുടെ അധ്യാപനംപോലെതന്നെ മറ്റുള്ളവരെ ബഹുമാനിച്ചു. എനിക്ക് വാക്കുകളിൽ ഇതു വിവരിക്കുക ദുഷ്കരമാണ്.

സെർബിയായിൽനിന്നു വന്ന ഒരു വനിത ജേർണലിസ്റ്റ് മിയാ സാഹിബ് പറയുന്നു:എന്റെ മനസ്സിൽ ജൽസസാലാനയുടെ പ്രവർത്തകർ, പ്രസംഗകർ, പങ്കെടുത്ത എല്ലാവരേയും കുറിച്ച് വളരെ പോസിറ്റീവായിട്ടുള്ള അഭിപ്രായമാണുള്ളത്. ഏറ്റവുമധികം ഖലീഫയുടെ ലജ്നയോടു ചെയ്ത പ്രഭാഷണം എന്നെ വല്ലാതെ സ്വാധീനിച്ചു. അതുപോലെതന്നെ ഞാൻ സകല പ്രവർത്തകർക്കും നന്ദി പറഞ്ഞുകൊള്ളുന്നു.

പിന്നീട് ഒരു പോളിഷ് അഹ്മദി സ്ത്രീ പറയുന്നു:മൂന്നുവർഷംമുമ്പേ ഞാനൊരു സ്വപ്നത്തിൽ കണ്ടു, ഞാനൊരു കൂടിക്കാഴ്ചയിലാണ്. എന്നോടു അവരെന്തോ ചോദിക്കാനാഗ്രിക്കുന്നുണ്ട്. അവർ പറയുന്നു: പക്ഷേ, എനിക്ക് ചോദിക്കാൻ അവസരം കിട്ടിയില്ല. അവർ പറയുന്നു, ഞാൻ വളരെ വിഷമിച്ചു.എന്റെ ചോദ്യമാണെങ്കിൽ വളരെ പ്രധാനപ്പെട്ടതുമായിരുന്നു. അവർ പറയുന്നു:ഇപ്രാവശ്യം ജർമനീ ജൽസസാലാനയിൽ പങ്കെടുത്തു. കൂടിക്കാഴ്ചയ്ക്ക് അവസരം കിട്ടി. അതിനുശേഷം എനിക്ക് വിസ്മയകരമായ ഒരു സമാധാനം കരസ്ഥമായി. ഒരുപാടു നന്ദിയുണ്ട്.

ഒരു ജർമൻ അതിഥി ഗോണ്ടർ മോർ സാഹിബ് പറഞ്ഞു:ഞാൻ ഇസ്‌ലാംമതത്തെ വമർശന ദൃഷ്ടിയോടെയാണ് നോക്കിക്കാണുന്നത്. എന്നിട്ടും ഞാൻ ഖലീഫയുടെ പ്രസംഗം വളരെ ശ്രദ്ധയോടെ കേട്ടു. ഖലീഫ എന്തെല്ലാം ഉദ്ധരണികളാണോ തന്റെ പ്രഭാഷണത്തിൽ പറഞ്ഞത് ഞാൻ അതെല്ലാം ശരിയാണോ എന്ന് പരിശോധിച്ചു.(ഇത്രമാത്രം ആഴത്തിലാണ് ചിലയാളുകൾ നോക്കിക്കാണുന്നത്. അതായത് ഞാൻ പറഞ്ഞത് വെറും പറച്ചിലാണോ അതോ അതിൽ വസ്തവമുണ്ടോ എന്നാണ് അദ്ദേഹം പരിശോധിച്ചത്). ഞാനതംഗീകരിച്ച സ്ഥിതിക്ക് നിർബന്ധിതനായി. ഖലീഫയുടെ പ്രസംഗം കേട്ട് എനിക്കത്ഭുതം തോന്നി. ഖലീഫ സമാധാനത്തിനും സാഹോദര്യത്തിനും എത്രമാത്രം ശക്തി ചെലുത്തുന്നുവെന്നാൽ, ഒരു സംശയവുമില്ല ഖലീഫ വളരെ നല്ല പ്രസംഗമാണ് നടത്തിയത്.

ഞാനിത് ആവർത്തിച്ച് പറയാൻ നിർബന്ധിതനാണ്. എന്റെ അത്ഭുതം നിങ്ങൾക്ക് കണക്കാക്കാൻ കഴിയുകയില്ല. കാരണം ഇസ്‌ലാമിന്റെ ഒരു സമാധാനപരമായ ചിത്രം അവിടന്ന് കാണിച്ചു. അത് പൊതുവെ ഇവിടെ കാണുന്നില്ല. തീർച്ചയായും ഇസ്‌ലാമിനെക്കുറിച്ച് എന്റെ വീക്ഷണത്തിൽ വളരെ വലിയ വർധനയുണ്ടായിരിക്കുന്നു. കാരണം ഇതിനുമുമ്പേ ഇസ്‌ലാമിനെ സമാധാനത്തിന്റെ മതമായി എനിക്കു സങ്കൽപിക്കാനെ സാധിച്ചിരുന്നില്ല. ഇസ്‌ലാമിന്റെ സമാധാനത്തിന്റെ അധ്യാപനത്തെ കുറിച്ചും എനിക്കറിയില്ലായിരുന്നു.

ഞാനിന്ന് ഏറ്റവുമാദ്യം ഖലീഫയുടെ സ്ത്രീകളോടുള്ള പ്രസംഗം പുരുഷന്മാരുടെ സ്ക്രീനിൽ കണ്ടു. അത് ഖലീഫയാണെന്ന് എനിക്കറിയുമായിരുന്നില്ല. എന്നാൽ, ആ പ്രസംഗം എന്നെ വളരെ ആകർഷിച്ചു. അതിഥികളുടെ സ്റ്റേജിൽ വന്നപ്പോഴാണ് എനിക്കു മനസ്സിലാ

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**

tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
താലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

യത്. അപ്പോൾ അദ്ദേഹത്തെ നേരിട്ട് കേട്ടതിൽ എനിക്ക് അതിയായ സന്തോഷമുണ്ടായി.

ഒരു ജർമൻ അതിഥി കെവിൻ സാഹിബ് പറയുന്നു:ഞാൻ ഖലീഫയുടെ പ്രസംഗം കേട്ട് അത്ഭുതപ്പെട്ടുപോയി. എന്താണ് പറയേണ്ടതെന്ന് പറയാൻ എന്റെ കൈയിൽ വാക്കുകളില്ല. പക്ഷേ, എനിക്കറിയാം ഖലീഫ വിവരിച്ച കാര്യങ്ങളനുസരിച്ച് എല്ലാവരും പ്രവർത്തിക്കേണ്ടതാണ്. ഖലീഫ പുഞ്ചിരിയെ കുറിച്ച് പറഞ്ഞ കാര്യം അതു വളരെ നിർബന്ധമാണ്. അതിന്റെ കുറവ് ജർമനിയിൽ അധിക്മായിട്ടുണ്ട്. സ്വയം തന്റെ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. പുഞ്ചിരിച്ചുകൊണ്ടു സംസാരിക്കുക എന്നത് നമ്മളിലില്ല. നമ്മുടെ ആളുകൾ ആകർഷിക്കപ്പെടുന്നു. സ്ത്രീകളുടെ സ്ഥാനത്തെ സംബന്ധിച്ച അവിടത്തെ മാർഗനിർദേശങ്ങളോടു പൂർണമായും യോജിക്കുന്നു. എന്തൊന്നാണോ ഖലീഫ സംസാരിച്ചത് അതെല്ലാം സത്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

ക്രിസ്ത്യൻ കത്തോലിക്ക ടി.വിയുടെ പ്രതിനിധി ഒരു ജർമൻകാരി പറയുന്നു:ഖലീഫയുടെ പ്രസംഗം വളരെ ആകർഷണീയമായിരുന്നു. പ്രസംഗത്തിന്റെ വൃത്തം ശ്രോതാക്കളുടെ ആധിക്യമനുസരിച്ച് രൂപം നല്കിയതാണ്. ഞാൻ മനസ്സിലാക്കുന്നത് എപ്രകാരം ഖലീഫ അടിസ്ഥാനപരമായ തത്ത്വം വിവരിക്കുന്നതോടൊപ്പം ഇതും വ്യക്തമാക്കി, അടിസ്ഥാനപരമായ തത്ത്വവും അല്ലാഹു പഠിപ്പിച്ചതാണ്. അല്ലാതെ ഇന്ന് യുണയ്റ്റഡ് നേഷൻസോ മറ്റേതെങ്കിലും സ്ഥാപനമോ സ്ഥാപിച്ചതല്ല. ഈ രീതിയിൽ വളരെ വ്യക്തയോടുകൂടി മറ്റുനേതാക്കളും പ്രസംഗം നടത്തേണ്ടതാണ്. അദ്ദേഹം പറയുന്നു: ഖലീഫയുടെ പ്രസംഗം എങ്ങനെയുള്ളതായിരുന്നുവെന്നാൽ കേട്ടാൽ മാത്രം പോര. പ്രത്യുത അതിൽ ഒരുപാട് ചിന്തയും ആലോചനയും വേണ്ടതാണ്; അദ്ദേഹം പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണെന്ന്! ഞാൻ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് ഒരുപാട് ഗവേഷണം നടത്തി. ഇസ്‌ലാമിനെക്കുറിച്ചുള്ള എന്റെ സങ്കൽപം വളരെ നല്ലതാണ്. ഖലീഫ ഇസ്‌ലാമിൽ സ്ത്രീകളെക്കുറിച്ച് ഏതൊരു അധ്യാപനങ്ങളാണോ വിവരിച്ചത് അതു വളരെ മനോഹരമാണ്. എന്നാൽ, ഞാനാഗ്രഹിക്കുന്നത് നിങ്ങൾ ഓർക്കുക!ഈ കടമകളും സ്ഥാനവും എൻ.ജി.ഒ അല്ലെങ്കിൽ യു.എൻ.ഒ സ്ഥാപിച്ചതല്ല. പ്രത്യുത അല്ലാഹു മതം മുഖേന സ്ഥാപിച്ചതാണ്.

ഒരു ജർമൻ അതിഥി ജൂലിയാൻ സാഹിബ് പറയുന്നു: എന്റെ പ്രസംഗത്തെ കുറിച്ച് പറയുകയാണ്. ഓരോ കാര്യവും വളരെ വ്യക്തമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ മജ്‌ലിസ്സിൽ വളരെ സഹതാപിയായി അദ്ദേഹത്തെ കണ്ടു. ഏതൊരു കാര്യങ്ങളാണോ പറഞ്ഞത്, അഗാധമായി അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആഴത്തിലുള്ള കാര്യങ്ങളായിരുന്നു. അതെന്താണെന്നാൽ മനുഷ്യൻ ഏതൊരു രാജ്യത്താണോ വസിക്കുന്നത് ആ രാജ്യത്തെ സേവിക്കുക. അയൽവാസികളുടെ നിർവചനം പോലെ 40 വീടുകൾവരെ വിശാലമാക്കുക. അത് എന്നെ സംബന്ധിച്ചിടത്തോളം വലിയ കാര്യമായിരുന്നു. കാരണം എല്ലാവരേയും യഥാർഥമായ നിലയിൽ ശ്രദ്ധിക്കാൻ കഴിയും. ക്രൈസ്തവതയും അയൽവാസികളോടുള്ള കടമകളെ കുറിച്ച് അധ്യാപനങ്ങൾ നല്കിയിട്ടുണ്ട്. എന്നാൽ, പറയുന്നതെന്താണെന്നാൽ അയൽവാസികളിൽപ്പെട്ടവർ ആരെല്ലാമാണ്. അതുകൊണ്ട് വളരെ അടുത്ത ആൾക്കാരെ മാത്രം അയൽവാസികളായി എണ്ണി. എന്നാൽ, ഇസ്‌ലാം അതിനെക്കാളുപരി അധ്യാപനം അവതരിപ്പിച്ചു. ഇതു പറയുന്നത് ക്രിസ്ത്യാനിയാണെന്നോർക്കുക.

ഒരു ജോർജിയൻ സ്ത്രീ പറയുന്നു:ഞാനിന്ന് ഖലീഫയുടെ രണ്ടു പ്രസംഗവും കേട്ടു. അതെന്നെ നല്ലവണ്ണം സ്വാധീനിച്ചു.ഈ പ്രസംഗം എനിക്കിന്ന് മനസ്സിലാക്കിത്തന്ന യഥാർഥ ഇന്റഗ്രേഷന്റെ അർഥം മനുഷ്യൻ തന്റെ മതത്തിനു ജനതയ്ക്കും മനുഷ്യകുലത്തിനും സേവനം ചെയ്യുക എന്നതാണ്. അവർ പറയുന്നു, എനിക്ക് ജൽസസാലാനയുടെ അന്തരീക്ഷം വളരെ ഇഷ്ടപ്പെട്ടു. കാരണം ഇവിടെ എല്ലാതരത്തിലുള്ള ജനതകളുടേയും തലമുറകളുടേയും അതേപോലെ എല്ലാതരത്തിലുള്ള ആളുകളും വളരെ സ്നേഹത്തോടും യോജിപ്പോടും പൂർണമായ സമാധാനത്തിലും സംഘടിച്ചിരിക്കുന്നു. മറ്റൊരിടത്തും ഇത് കാണാൻ കഴിയുകയില്ല. സ്ത്രീകളോടു ചെയ്ത പ്രഭാഷണത്തിൽനിന്നാണ് എനിക്കാദ്യമായി ഇസ്‌ലാമിൽ സ്ത്രീകൾക്കുള്ള സ്ഥനമെന്താണന്ന് അറിയാൻ കഴിഞ്ഞത്. യുദ്ധങ്ങളിൽ പങ്കെടുത്ത മുസ്‌ലിം സ്ത്രീകളും കടന്നു കഴിഞ്ഞിട്ടുണ്ട്. ഇതു എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായ കാര്യമായിരുന്നു.

അതിഥിയും ഗ്രീൻ മുസ്‌ലിം പാർട്ടിയുടെ പ്രതിനിധിയുമായ അലി ബക്ർ സാഹിബ് പറയുന്നു:ഖലീഫയുടെ പ്രഭാഷണം ഹൃദ്യമായിരുന്നു. അവിടന്ന് പറഞ്ഞ കാര്യങ്ങൾ മുസ്‌ലിമീങ്ങൾക്കുമാത്രമല്ല പ്രത്യുത സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും അനിവാര്യമായതാണ്. സമാധാനം മുസ്‌ലിം രാഷ്ട്രങ്ങളിൽമാത്രമല്ല പ്രത്യുത മുഴുവൻ ലോകത്തും സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതു വളരെ താൽപര്യമുള്ള വിഷയമായിരുന്നു.

തുടർന്ന് ഒരു ജർമൻ സ്ത്രീ മാരി സാഹിബയാണ്. ഇവർ മുസ്‌ലിമായിരുന്നില്ല. എന്നിട്ടും അവർ ആദരവോടെ തലയിൽ തട്ടമിട്ടുകൊണ്ടാണ് ഇരുന്നിരുന്നത്. അവർ പറയുന്നു:ഞാൻ ക്രിസ്ത്യാനിയാണ്. ഖലീഫയുടെ പ്രസംഗത്തിന്നിടയിൽ എനിക്കു തോന്നിയത് നമ്മുടെ പരസ്പരമുള്ള വ്യത്യാസം വളരെ നിസ്സാരമാണ്. നമുക്കു കൂടിച്ചേർന്ന് സമാധാനത്തോടെ ജീവിക്കാൻ കഴിയും. എന്നെ ഇതു വളരെയധികം സ്വാധീനിച്ചിരിക്കുന്നു. പ്രസംഗമധ്യേ എന്റെ മനസ്സിൽ അതിനെത്രമാത്രം സ്വാധീനമുണ്ടായെന്നാൽ എന്റെ കണ്ണുകൾ ഈറനണിഞ്ഞുപോയി. ഖലീഫ സ്ത്രീകളോടു ചെയ്ത പ്രഭാഷണത്തിൽനിന്ന് പ്രകടമാകുന്നത് ഇസ്‌ലാം സ്ത്രീകൾക്കു നല്കുന്ന അവകാശങ്ങൾ ഖലീഫ പ്രസംഗത്തിൽ വിവരിച്ചതുതന്നെയാണ്; മറ്റു കമ്മ്യൂണിറ്റികൾ വിവരിക്കുന്നതുതന്നെയാണ്. ഞാൻ നേരിട്ട് ജൽസസാലാനയിൽ കണ്ടതും ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതാണ്. ഇതു വെറും അധ്യാപനമല്ല. പറയുന്നു: അദ്ദേഹത്തിന്റെ സംസാരം നേരിട്ട് മനസ്സിനെ സ്പർശിക്കുന്നതായിരുന്നു. സംസാരം കേട്ട് ഇവിടെയാളുകൾ കരയുന്നതും ഞാൻ കണ്ടു.

ജൽസയിൽ ഏഴു രാജ്യങ്ങളിൽനിന്നുള്ള നാൽപത്തിയൊന്നാളുകൾക്ക് ബയ്അത്ത് ചെയ്യാനും തൗഫീഖ് കിട്ടി. ജൽസാ നാളുകളിലാണ് അവരിൽ ജമാഅത്തിന്റെ സ്വാധീനമുണ്ടായത്.

സെർബിയയിൽനിന്നുള്ള ഒരു അതിഥി ഉറോസ് സാഹിബ് പറയുന്നു: ജൽസാസാലാന ലോകം മുഴുവനുമുള്ള അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ സംഘടിക്കുന്ന ആഗോള പരിപാടിയാണ്. ഏറ്റവുമധികം ബയ്അത്തിന്റ പരിപാടി എന്നെ ആത്മീയപരമായും വികാരപരമായും സ്വാധീനിച്ചു. ആദ്യനിമിഷം മുതൽ നമ്മളെല്ലാവരും ഒരാൾ മറ്റൊരാളുടെ തോളിൽ കൈവെച്ചുകൊണ്ടിരുന്നു. എനിക്ക് ഒരു വാക്കുപോലും മനസ്സിലാകന്നുണ്ടായിരുന്നില്ല. എന്നാൽ, എന്തൊന്നാണോ പറയപ്പെട്ടത് അതെങ്ങനെയൊക്കെയോ എന്റെ ശരീരത്തിലൂടേയും ആത്മാവിലൂടേയും പ്രവഹിച്ച് വിറയൽ അനുഭവപ്പെട്ടു. അതെന്നെ ആത്മീയമായ നിലയിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൊണ്ടുപോയി. ബയ്അത്തു കാരണത്താൽ എനിക്ക് കരച്ചിൽ വന്നു.

ഒരു തുർക് യുവാവ് ജാൻ മെർത്ത് സാഹിബ് ഹംബർഗിൽനിന്നു വന്നയാളാണ്. അദ്ദേഹം പറയുന്നു: ഈ ജൽസയിൽ പങ്കെടുത്തതുകൊണ്ട് ഞാൻ കണ്ടതെന്താണെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അഹ്മദികളുടെ മനസ്സുകളിൽ ഇസ്‌ലാമിക വിജയത്തിനുവേണ്ടി ഒരിക്കലും അണയാത്ത അഗ്നി കൊളുത്തിയിരിക്കുന്നു. ജാൻമർറത്ത് സാഹിബ് ജൽസയുടെ അവസാന ദിവസം എഴുത്തുമുഖേന ബയ്അത്തു ചെയ്തു കഴിഞ്ഞ്, എന്റെ കൈയിലും ബയ്അത്ത് ചെയ്തിരുന്നു. അവരിൽ ചിലരുടെ അവസ്ഥകളായിരുന്നു ഇത്. അതാണ് ഞാൻ വിവരിച്ചത്.

ജർമനീ ജൽസയിൽ മീഡിയ കവറേജും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ലനിലയിൽ ഉണ്ടായി. നാലു ടി.വി ചാനലുകളിൽ എ.ആർ. ഡി, ആർ. ടി. എൽ റീജിയോ ടിവി, എസ് ഡബ്ല്യു ആർ, എന്നിവരുടെ ടി.വി ചാനൽ മുഖേന 41 മില്യൺ ജനങ്ങളിൽ ജമാഅത്തിന്റെ വാർത്തയെത്തി. ജർമനിയിലെ വിവിധ പത്രങ്ങൾ വിവിധ വാർത്തകൾ നല്കി. ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചു. അതുമുഖേന 50 മില്യണിലധികം ആളുകളിൽ സന്ദേശവും ജൽസയെ സംബന്ധിച്ച് വാർത്തയുമെത്തി. അഞ്ചു റേഡിയോ നിലയങ്ങൾ വാർത്തകൾ പ്രക്ഷേപണം ചെയ്തു. അതുമുഖേന 14 മില്യൺ ആളുകളിൽ സന്ദേശമെത്തി.

ഓൺലൈൻ മീഡിയ കവറേജുമുഖേന 2 മില്യൺ ആളുകളിൽ സന്ദേശമെത്തി. ഇതു മുഖേന മൊത്തത്തിലുള്ള കണക്കുകൾ അവർ പ്രതീക്ഷിക്കുന്നത് 108 മില്യണിൽ കൂടുതൽ ആളുകൾ വരെ ജൽസാ സാലാനയുടെ കവറേ

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ജ് എത്തിയെന്നാണ്. എന്തായാലും അല്ലാഹു ഭാവിയിലും ഇതിന് ഉത്തമമായ ഫലങ്ങളുണ്ടാക്കുമാറാകട്ടെ.

ഹ്രസ്വമായ വിവരണമാണിത്. ഞാൻ പറഞ്ഞു, ഒരുപാട് അഭിപ്രായങ്ങളുണ്ടായിരുന്നു. അവയിൽ നിന്ന് വളരെ കുറച്ചമാത്രമാണ് എടുത്തത്. അല്ലാഹുവിന് നന്ദി!അവന്റെ ഔദാര്യമാണ് നമ്മുടെ ദുർബലതകൾ മറച്ചുവെച്ചത്! ഇതേപോലെ വിവിധ മസ്ജിദുകളുടെ ഉദ്ഘാടനങ്ങൾ നടന്നു. അതിനെക്കുറിച്ചും ആളുകൾ പോസിറ്റിവായിട്ടുള്ള അഭിപ്രായങ്ങൾ നടത്തിയിട്ടുണ്ട്. ചിലർ പറയുന്നത് അഹ്മദിയ്യത്തെന്താണെന്ന് ഇപ്പോഴാണ് തങ്ങൾക്ക് മനസ്സിലായതെന്നാണ്. ഇസ്ലാമിന്റെ അധ്യാപനമെന്താണ്? ഇസ് ലാം അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിർവഹിക്കാൻ എങ്ങനെയാണ് പറയുന്നത്? ഇതെല്ലാം വിവിധ പരിപാടികളിൽ ആളുകൾ പ്രകടിപ്പിച്ചതാണ്. ഇക്കാര്യങ്ങളെല്ലാം കേട്ട് ഇ സ്ലാമിന്റെ അധ്യാപനത്തെ കുറിച്ച് അറിയാൻ കഴിഞ്ഞു. അവരുടെ അഭിപ്രായങ്ങളും മാറി.

ആളുകൾ ഇങ്ങനെയും പരാതിപ്പെട്ടിരുന്നു. ഞങ്ങളെ അറിയുന്ന അഹ്മദികളും ഇക്കാര്യത്തെ കുറിച്ച് ഒരിക്കലും ഞങ്ങളോടു പറഞ്ഞിട്ടില്ല. അതുകൊണ്ട് ഇതുസംബന്ധമായും തബ് ലീഗിന്റെ ആകർഷണീയമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

സകല അഹ്മദികളും അപകർഷതാബോധമൊന്നുംകൂടാതെ ഇസ്ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിചയപ്പെടുത്തേണ്ടതാണ്. ഉദാഹരണത്തിന് ജൽസയിൽ ഒരു ഇറാനീ ആൺകുട്ടിവന്നു. നമ്മുടെ ഒരു അഹ്മദിയുമായി സംസാരിച്ചു. അവനെഅവന്റെയൊരു അഹ്മദി സ്നേഹിതനാണ് കൊണ്ടുവന്നത്. പറഞ്ഞു:ഞാനിവിടെ വന്നിട്ട് വലിയ അപ്സറ്റിലാണുള്ളത്.അദ്ദേഹം കാരണം ചോദിച്ചു. അവൻ പറഞ്ഞു: എനിക്കിവിടെ ഇന്നറിയാൻ കഴിഞ്ഞു, നിങ്ങൾ മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ നബിയായി വിശ്വസിക്കുന്നവരാണ്. അവന് വിശദമായി മനസ്സിലാക്കിക്കൊടുത്തപ്പോൾ എങ്ങനെയുള്ള നബിയാണെന്ന് പറഞ്ഞുകൊടുത്തപ്പോൾ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ വന്ന ആളാണെന്ന് പറഞ്ഞപ്പോൾ അവിടത്തെ ദീനിനെ പ്രചരിപ്പിക്കുന്നതിനും അവിടത്തെ പ്രവനത്തിന്റെ പുലർച്ചയാണെന്നും പറഞ്ഞപ്പോൾ അദ്ദേഹം തന്നെയാണ് വരേണ്ടു ഈസാ എന്നും പറഞ്ഞപ്പോൾ ആ കുട്ടി പറഞ്ഞു. ഇതെല്ലാം ശരിതന്നെയാണ് ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കുന്നു. എന്നാൽ, എന്റെ സ്നേഹതൻ എന്തുകൊണ്ട് എന്നോടു ഇതു പറഞ്ഞില്ല? ഞങ്ങൾ തമ്മിൽ ഒരുപാടു വർഷങ്ങളായുള്ള ബന്ധമാണ്. അതുകൊണ്ട് അപകർഷതാ ബോധമൊന്നും കൂടാതെ നിങ്ങളുടെ സ്നേഹിതന്മാരെ, നിങ്ങളുടെ പരിചയക്കാരെ, തബ് ലീഗ് ചെയ്യേണ്ടതാണ്. തബ്ലീഗ് വകുപ്പിന്റെ വെറും നോട്ടീസു വിതരണവും ലഘുലേഖ വിതരണവും അല്ലെങ്കിൽ ലറ്റർ ബോക്സിൽ കൊണ്ടുപോയി നോട്ടീസിടലുംകൊണ്ടി ഉദ്ദേശ്യം പൂർത്തിയാകുകയില്ല.

സംവിധാനത്തിന്റെ കാര്യങ്ങൾ നമ്മൾ പറഞ്ഞു കഴിഞ്ഞു. ഇനി അടുത്ത പടിയിലേക്ക് പോകണം. സമാധാനം എങ്ങനെ സ്ഥാപിക്കാൻ കഴിയും? മസീഹ് മൗഊദിൽ വിശ്വസിക്കുമ്പോഴാണ് അത് സാക്ഷാത്കരിക്കപ്പെടുന്നത്. അതുകൊണ്ട് അദ്ദേഹത്തെ വിശ്വസിക്കുക. തബ് ലീഗിനുവേണ്ടിയുള്ള എല്ലാ അവസരങ്ങളും മുതലാക്കുക.

ഇവിടെ ഞാൻ കണ്ടു, ജനങ്ങൾക്ക് മതപരമായ കാര്യങ്ങൾ കേൾക്കാൻ ഇപ്പോഴും താൽപര്യമുണ്ട്. അങ്ങനെയൊരു വിഭാഗം ഇവിടെയുണ്ട്. അതുകൊണ്ട് അവരോടു നമ്മൾ സംസാരിക്കേണ്ടതാണ്.

നമുക്ക് എല്ലാ സ്ഥലത്തേയും കുറിച്ച് പഠിക്കേണ്ട ആവശ്യമുണ്ട്. എവിടെയൊക്കെ സംഘടനാപരമായ ബലഹീനതയുണ്ടോ ജൽസയുടെ ഏർപാടുകളിൽ, ഏതെങ്കിലും സ്ഥിരമായ വകുപ്പിൽ അവരെ കുറിച്ച് പ്രത്യേകമായ നിലയിൽ ചിന്തിക്കേണ്ടതാണ്. ജൽസയുടെ ഏർപാടുകളിൽ മാത്രമല്ല, എല്ലാ വകുപ്പും നേക്കേണ്ടതാണ്. തബ്ലീഗ് വകുപ്പ് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് നല്ല പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. പക്ഷേ, അവിടേയും മെച്ചപ്പെടാൻ ഇനിയും സാധ്യതകളുണ്ട്. നല്ല സ്ഥലങ്ങൾ നമ്മൾ അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. നല്ല പ്ലാനിംഗ് ചെയ്തും അല്ലാഹുവിനോടു സഹായം ഇരന്നും ദുആ ചെയ്തുകൊണ്ടും നിങ്ങളുടെ ജോലികൾ ചെയ്യുക. ചിലയാളുകൾ ചിലപരാതികളും നല്കിയിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ ഭാവിയിൽ ആ പരാതികളും അകറ്റേണ്ടതാണ്. ഇൻശാ അല്ലാഹു എപ്പോഴും പരിശ്രമിക്കുക സംഘാടകരും ജൽസയിൽ പങ്കെടുക്കുന്നവരും ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിന് തികച്ചും പരിശ്രമിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഒരു അതിഥി പറഞ്ഞു, ജൽസയിൽ പങ്കെടുക്കുന്ന ആളുകൾ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ എഴുന്നേറ്റു പോകുന്നുണ്ട്. അദ്ദേഹത്തിന് അത് നന്നായി തോന്നിയില്ല. അതുകൊണ്ട് ഇക്കാര്യവും തബ്ലീഗ് വകുപ്പ് പ്രത്യേകമായ നിലയിൽ നോക്കേണ്ടതാണ്. മെച്ചപ്പെട്ട രീതിയിൽ ഇതിൽ പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു നമ്മൾ എല്ലാവരുടേയും കരുണ ചൊരിയുമാറാകട്ടെ. ഭാവിയിൽ എല്ലാവർക്കും നല്ല രീതിയിൽ ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

# മക്കയുടെ നേതാവ് അബൂജഹലിന്റെ ക്ഷണം

## ഹാഫിള് മുസഫ്ഫർ അഹ്മദ്

**കഴിഞ്ഞലക്കം തുടർച്ച......**

അടുത്ത ബന്ധുക്കളെ ഇസ്ലാമിലേക്ക് ക്ഷണിച്ചതിനോടൊപ്പം നബി(സ)തിരുമേനി ഫസ്ദഅ് ബിമാ തുഅ്മർ എന്ന കല്പനയ്ക്കു വിധേയനായി പൊതുതബ്ലീഗിനും ആരംഭം കുറിച്ചു. ദൈവ കൽപനയുടെ ഫലമായി അവിടത്തെ മനസ്സ് വളരെ ശക്തമായിരുന്നു. വലിയ മനഃക്കരുത്തോടും ധീരതയോടും കൂടി അവിടന്ന് ഈ നിർബന്ധ കടമ നിറവേറ്റി. വലിയ വലിയ സർദാറുമാരുടെമേലും ന്യായപൂർത്തിവരുത്തിവിട്ടു. അബൂജഹ്ലിനെ വ്യക്തിപരമായ നിലയിലും തബ്ലീഗ് ചെയ്യാൻ ശ്രമിച്ചു.

മുഗയ്റ ബിൻ ശെയ്ബ വിവരിക്കുന്നു: ഞാൻ അബൂജഹ്ലിനോടൊപ്പം മക്കയിലെ ഒരു ഇടവഴിയിലൂടെ വരുമ്പോഴാണ് നബി(സ)തിരുമേനിയുമായി എന്റെ ആദ്യത്തെ കൂടിക്കാഴ്ച ഉണ്ടായത്. നബി(സ)തിരുമേനി അബൂജഹ്ലിനോടു പറഞ്ഞു: അബുൽ ഹിക്മേ !അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും വരിക. ഞാൻ താങ്കളെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു.അബൂജഹ്ൽ പറഞ്ഞു: മുഹമ്മദേ!നീ ഞങ്ങളുടെ ദൈവങ്ങളെ അതുമിതും പറയുന്നതിൽനിന്ന് പിന്മാറുമോ? അതോ ഇല്ലേ? നീ ഞങ്ങൾക്ക് നിന്റെ സന്ദേശമെത്തിച്ചുവെന്ന സാക്ഷ്യമാണ് ആഗ്രഹിക്കുന്നതെങ്കിൽ നീ ഞങ്ങൾക്ക് സന്ദേശമെത്തിച്ചുവെന്ന് ഞങ്ങൾ സാക്ഷ്യം പറയുന്നു. ഇല്ലെങ്കിൽ അല്ലാഹുവാണ!നിന്റെ വാദം ശരിയാണെന്ന് ഞാനറിഞ്ഞാൽത്തന്നെയും നിന്നെ ഞാനൊരിക്കലും പിൻപറ്റുകയില്ല. ഇതുകേട്ട് നബി(സ)പോയി.

അബൂജഹ്ൽ എന്നോടു അതായത് മുഗയ്റ ബിൻ ശെയ്ബയോടു പറഞ്ഞു: അല്ലാഹുവാണ!ഇവൻ തന്റെ വാദത്തിൽ സത്യവാനാണെന്ന് എനിക്കറിയാം. പക്ഷേ, കഅ്ബ മന്ദിരത്തിന്റെ ഗിലാഫിന്റെ ഏർപാട് ചെയ്യുന്നത് തങ്ങളുടെ പക്കലായിരിക്കുമെന്ന് അവന്റെ മഹാനായ പിതാമഹൻ ഖുസ്സയുടെ മക്കൾ പറഞ്ഞു. അപ്പോൾ ഞങ്ങൾ അത് സമ്മതിച്ചു. പിന്നീട് അവർ പറഞ്ഞു: നദ്വയുടെ അതായത് ശൂറായുടെ(കൂടിയാലോചനാസഭയുടെ) സംഘാടനവും തങ്ങളുടെ അധികാരത്തിലായിരിക്കുമെന്നും അവർ പറഞ്ഞു. അതിന് ഞങ്ങൾക്കൊന്നും പറയാൻ കഴിഞ്ഞില്ല. പിന്നീട് അവർ നമ്മുടെ എതിരാളി അറേബ്യയുടെ ധ്വജവാഹകരാണെന്ന് വാദിച്ചപ്പോഴും ഞങ്ങൾക്ക് അതും സമ്മതിക്കേണ്ടിവന്നു. ഹാജിമാർക്ക് വെള്ളം വിതരണം ചെയ്യുന്നതിന്റെ സേവനവും തങ്ങളെയാണ് ഏൽപിച്ചിട്ടുള്ളതെന്ന് പറഞ്ഞപ്പോഴും ഞങ്ങൾ മൗനംപാലിച്ചു. പിന്നീട് മത്സരം മുന്നോട്ടു നീങ്ങി, തീറ്റിക്കലിലും കുടിപ്പിക്കലിലും ഔദാര്യത്തിന്റെ മൈതാനത്തും ഞങ്ങൾ നല്ലവണ്ണം അവരെ നേരിട്ടു.(അതായത് ഖുസ്സയുടെ മക്കളെ).അങ്ങനെ ഞങ്ങൾ രണ്ടുഗോത്രങ്ങളുടേയും സാർഥവാഹകസംഘം പരസ്പരം ഒന്നുപോലെയായി. അതായത് ഞങ്ങൾ തുല്യതയുടെ സംഘട്ടനത്തിലായി. അപ്പോൾ തങ്ങളിൽനിന്ന് നബിയുണ്ടെന്ന് അവർ വാദിച്ചു. അല്ലാഹുവാണ!അതുണ്ടാകാൻ ഒരിക്കലും ഞാൻ വിടുകയില്ല.(ബയ്ഹഖി)

**ഖുറയ്ശികളുടെ സംഘടിച്ചുള്ള എതിർപ്പിന്റെ തുടക്കം:**

നബി(സ)തിരുമേനി പരസ്യമായി തബ്ലീഗ് ചെയ്യാൻ തുടങ്ങുകയും ബിംബാരാധനയെ തടയുകയും ചെയ്പ്പോൾ ആ മഹാത്മാവിനോടൊപ്പം ഒരു ജമാഅത്ത് സംഘടിക്കാൻ തുടങ്ങി. അപ്പോൾ ഖുറയ്ശികൾ തങ്ങളുടെ മേധാവിത്വത്തിന് അത് ഭീഷണിയാണെന്ന് കണ്ടു. അവർ ഈ പുതിയ സംഘത്തെ എങ്ങനെ തടയാൻ കഴിയുമെന്ന് കൂടിയാലോചിക്കാൻ തുടങ്ങി.

ഒരു ദിവസം അബൂജഹ്ൽ ഖുറയ്ശീ നേതാക്കന്മാരുടെ മജ്ലിസിൽ പറഞ്ഞു:മുഹമ്മദിന്റെ കാര്യം കുറച്ചു വർധിച്ചുകൊണ്ടു പോകുകയാണ്. നിങ്ങൾ ജാലവിദ്യയും ഭാവികാര്യം പറയുകയും കവിതാരചന നടത്തുകയും ചെയ്യുന്ന ആളുകളെ അന്വേഷിക്കുക. അവർ നമുക്കുവേണ്ടി പോയി അവനോടു സംസാരിക്കുകയും അവനെ നേരിടാനുള്ള പ്രതിക്രിയ നമുക്ക് പറഞ്ഞുതരികയും ചെയ്യട്ടെ. അപ്പോൾ ഒരു നേതാവായ ഉത്ബ പറഞ്ഞു: എനിക്ക് ജാലവിദ്യ, ഭാവികാര്യം പറയൽ, കവിതാരചന നടത്തൽ തുടങ്ങിയവ കുറച്ചൊക്കെ അറിയാം. ഇതുസംബന്ധമായി അവനോടു സംസാരിക്കുന്നതിന് ഞാൻ മതി.

അങ്ങനെ അയാൾ നബി(സ)തിരുമേനിയു

ടെ അടുത്തു വന്നു. പറഞ്ഞു: മുഹമ്മദേ! നീ ഉത്തമനാണോ (അതോ നിന്റെ പൂർവപിതാക്കന്മാരായ) ഹാശിമോ? അബ്ദുൽമുത്ത്വലിബോ, അബുദുല്ലായോ? നബി(സ)തിരുമേനി മൗനം പാലിച്ചു. അയാൾ പിന്നീടു ചോദിച്ചു:താങ്കളെന്തിനാണ് ഞങ്ങളുടെ ആരാധ്യരെ ചീത്ത പറയുന്നത്? പൂർവപിതാക്കന്മാരെ വഴിപിഴച്ചവരെന്ന് പറയുന്നത്? താങ്കൾക്ക് നേതൃത്വമാണ് ആവശ്യമെങ്കിൽ ഞങ്ങൾ താങ്കളെ നേതാവായി അംഗീകരിക്കുന്നു. ഇനി എവിടെയെങ്കിലും വിവാഹം കഴിക്കാൻ പരിപാടിയുണ്ടെങ്കിൽ ഖുറയ്ശിലെ ഏതുവീടു പറഞ്ഞാലും 10 സ്ത്രീകളെ വിവാഹം ചെയ്തു തരാൻ തയ്യാറാണ്. ഇനി സ്വത്താണാവശ്യമെങ്കിൽ താങ്കൾക്കും താങ്കളുടെ മക്കൾക്കും എന്നെന്നും ആരേയും ആശ്രയിക്കേണ്ടാത്തവിധം അത്രയും സ്വത്ത് ശേഖരിച്ചുതരാം.

നബി(സ)തിരുമേനി നിശബ്ദനായി അയാൾ പറയുന്നത് കേട്ടുകൊണ്ടിരുന്നു. അയാൾ എല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ അവിടന്ന് ഹാ മീം ഫുസ്സിലത്ത് (ഹാ മീം സജ്ദ)എന്ന സൂറത്ത് പാരായണം ചെയ്തു. അതിന്റെ തുടക്കത്തിലാണുള്ളത് തൻസീലുൻ മ്മിനർറഹ്മാനിർറഹീം എന്നുള്ളത്. അതായത് പരമകാരുണികനും കരുണാമയനുമായവനിൽനിന്ന് അവതരിപ്പിക്കപ്പെട്ടതാണിത്. അങ്ങനെ നബി(സ)തിരുമേനി അൻദറുത്തുക്കും സ്വായിഖത്തൻ മ്മിഥ്‌ല സ്വായാഖത്തിൻ ആദിൻവ്വഥമൂദ്(ഹാ മീം സജദ 14) ഞാൻ നിങ്ങൾക്ക് ആദിനേയും ഥമൂദിനേയും ബാധിച്ച ശിക്ഷപോലുള്ള നാശകരമായ ഒരു ശിക്ഷയെ കുറിച്ച് മുന്നറിയിപ്പു നല്കുന്നുവെന്നോതിയപ്പോൾ ഉത്ബ നബി(സ)തിരുമേനിയുടെ വായ കൈകൊണ്ടു പൊത്തി. പറഞ്ഞു: റഹ്മാനായ അല്ലാഹുവിനെ ഓർത്ത് ഇനി എന്നെ ഭയപ്പെടുത്താതിരുന്നാലും.

ഉത്ബ ആ വചനത്തിന്റെ അർഥഗാംഭീര്യത്തിലും സാഹിത്യ സമ്പുഷ്ടിയിലും എത്രമാത്രം തൽപരനായെന്നാൽ ,ഭയന്നുപോയി, തിരിച്ച് നേതാക്കന്മാരുടെ അടുത്ത് പോയതുമില്ല. താമസിച്ചു കാണാതായപ്പോൾ ഉത്ബ മുഹമ്മദിലേക്ക് ചാഞ്ഞുവെന്നാണ് തോന്നുന്നതെന്ന് അബൂജഹ്ൽ പറഞ്ഞു. പിന്നീട് അബുജഹ്ൽ ഇതുസംബന്ധമായി ഉത്ബയോടു ചോദിച്ചപ്പോൾ എല്ലാ സംഭവങ്ങളും കേൾപ്പിച്ചുകൊണ്ടു പറഞ്ഞു: താങ്കൾക്കറിയുമോ? മുഹമ്മദ് എന്തെങ്കിലും പറയുമ്പോൾ, അതൊരിക്കലും കളവാകുകയില്ല. അദ്ദേഹം പറയുന്ന ശിക്ഷ നിങ്ങളിലുണ്ടാകുമോ എന്ന് ഞാൻ ഭയക്കുന്നു.(ഇബ്നുഹിശാം)

### എതിർപ്പ് മുഖേനയും തബ്‌ലീഗ്

ദൈവികജമാഅത്തുകൾക്കുനേരെയുള്ള എതിർപ്പിന്റെ നിലയും, വയലിന് വളംപോലെയാണ്. മക്കയിലെ അന്യാരാധകരുടെ എതിർപ്പുമുഖേനയും മക്കയുടെ പരിസരപ്രദേശങ്ങളിൽ ഇസ്‌ലാമിന്റെ സന്ദേശമെത്താൻ തുടങ്ങി. ഇതുസംബന്ധമായുള്ള രണ്ടു സംഭവങ്ങൾ സുപ്രധാനവും രസകരവുമാണ്.

ആദ്യത്തെ സംഭവം അസ്ദ് ശുനൂഹ് ഗോത്രത്തിന്റെ നേതാവായ ളമ്മാദുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം രോഗികളുടെ ചികിത്സ മന്ത്രഊത്തും തന്ത്രപ്രയോഗവും മുഖേന നടത്തിയിരുന്നു. അദ്ദേഹം മക്കയിൽ വന്നപ്പോൾ ചില ഇസ്‌ലാം വിരോധികൾ മുഹമ്മദ് ഭ്രാന്തനും ഉന്മത്തനുമാണെന്ന് പറയുന്നതുകേട്ടു. ളമ്മാദ് നല്ല മനുഷ്യനായിരുന്നു. എന്നാൽ. അയാളെയൊന്നു കണ്ടുകളയാമെന്ന് ളമ്മാദ് വിചാരിച്ചു. ഒരുപക്ഷേ അല്ലാഹു തന്റെ കൈയാൽ അയാളുടെ ഭ്രാന്തുരോഗം സുഖപ്പെടുത്തിയാലോ! ളമ്മാദ്(റ)പറയുന്നു: ഞാൻ ഹുദൂറിന്റെ സന്നിധിയിൽ ഹാജരായി പറഞ്ഞു: മുഹമ്മദേ!ഞാൻ മന്ത്രഊത്തുകൊണ്ട് ആളുകളുടെ രോഗം സുഖപ്പെടുത്തുന്നവനാണ്. അല്ലാഹു എന്റെ കൈയാൽ അവനിച്ഛിക്കുന്നവർക്ക് ശിഫാ പ്രദാനം ചെയ്യുന്നു. അങ്ങ് എന്നെക്കൊണ്ടു ചികിത്സ നടത്താൻ ഇഷ്ടപ്പെടുമോ?

നബി(സ)തിരുമേനി എന്തെങ്കിലും പറയുന്നതിനുമുമ്പേ സുന്നത്താക്കപ്പെട്ട ഖുത്ബയുടെമുഖവുരാ വചനങ്ങളോതി.(ഈ അറബി ഖുത്ബ, ജുമുഅ തുടങ്ങിയവയിൽ ഓതാറുള്ളതാണ്). ഈ വചനങ്ങൾ ളമ്മാദിന്റെ മനസ്സിൽ ആഴ്ന്നിറങ്ങി. അദ്ദേഹം പറഞ്ഞു: അങ്ങ് വീണ്ടും ആ വക്യങ്ങൾ എന്നെ കേൾപ്പിച്ചാലും. നബി(സ) തിരുമേനി വീണ്ടും ഓതി. അൽഹംദു ലില്ലാഹ്! നഹ്മദുഹൂ വ നസ്ത്തയീനഹൂ മൻയ്യഹ്ദിഹില്ലാഹു ഫലാ മുളില്ലലഹൂ വമൻയ്യുള്ലിൽഹു ഫലാ ഹാദിയ ലഹൂ വ അശ്ഹദു അൻല്ലായിലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക്കലഹൂ വ അന്ന മുഹമ്മൻ അബ്ദുഹൂ റസൂലുഹൂ സർവസ്തുതിയും അല്ലാഹുവിനാകുന്നു. ഞങ്ങൾ അവനെ സ്തുതിക്കുന്നു. അവനോടു സഹായം തേടുന്നു. ആർക്കാണോ അല്ലാഹു ഹിദായത്ത് നല്കുന്നത് അവനെ ആർക്കും വഴിപിഴപ്പിക്കാനാവുകയില്ല. ആരെയാണോ അവൻ വഴിപിഴപ്പിക്കുന്നത് അവനെ ആർക്കും നേർമാർഗത്തിലാക്കാനും കഴിയുകയില്ല. അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാണ് അവന് പങ്കാളികളാരുമില്ല. മുഹമ്മദ്(സ)അവന്റെ ദാസനും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നബി(സ)തിരുമേനി ളമ്മാദിന്റെ ആഗ്രഹമനുസരിച്ച് മൂന്നു പ്രാവശ്യം അദ്ദേഹത്തെ ഈ വാക്യങ്ങൾ കേൾപ്പിച്ചു.

ളമ്മാദ് ഒരു ബദ്‌വിയായിരുന്നു. എന്നാൽ, അല്ലാഹു അദ്ദേഹത്തിന് സൂക്ഷ്മബുദ്ധി പ്രദാനം ചെയ്തിരുന്നു. ഏതൊരു സന്ദേശത്തെ മക്കയിലെ ബുദ്ധിമാൻ അബുൽഹികം അഹങ്കാരംകൊണ്ട് നിഷേധിച്ചുവോ ദൈവഭയമുള്ള ളമ്മാദ്നിയോഹ് പരിശുദ്ധ വചനങ്ങൾ കേട്ടുടനെ അനിയന്ത്രിതമായി പറഞ്ഞു:ഞാൻ വലിയ വലിയ മന്ത്രവാദികളുടേയും ഇന്ദ്രജാലക്കാരുടേയും കവികളുടേയും മജ്‌ലിസുകൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇന്നേവരെ ഇത്ര മനോഹരമായ വാക്യങ്ങൾ എവിടേയും കേട്ടിട്ടില്ല. അതിന്റെ സ്വാധീനം സമുദ്രത്തിന്റെ അടിത്തട്ടുവരെയാണ്. അങ്ങ് കൈനീട്ടിയാലും ഞാൻ ഇസ്‌ലാമിൽ അങ്ങയ്ക്ക് ബയ്അത്തു ചെയ്യുന്നു.

അങ്ങനെ ഹക്കീമും ചികിത്സകനുമായി വന്ന ളമ്മാദിന് റസൂലുല്ലാഹി(സ)യുടെ കൈയിൽ അല്ലാഹു ആത്മീയശിഫാ പ്രദാനം ചെയ്തു. ഈ വ്യക്തി തന്റെ ഗോത്രത്തിലെ സ്വാധീനമുള്ളതും ഗ്രാഹ്യമുള്ളതുമായ ആളാണെന്ന് നബി(സ)തിരുമേനി കണ്ടു. അവിടന്ന് അദ്ദേഹത്തിന്റെ ബയ്അത്ത് വാങ്ങിക്കൊണ്ടു ചോദിച്ചു:താങ്കൾ താങ്കളുടെ ജനതയ്ക്കുവേണ്ടിയും അവരുടെ പ്രാതിനിധ്യത്തിൽ ബയ്അത്ത് ചെയ്യുന്നുണ്ടോ? അവരേയും ഇസ്‌ലാമിന്റെ അധ്യാപനമനനുസരിച്ച് ജീവിക്കാൻ തയ്യാറാക്കുമോ? ളമ്മാദ് സമ്പൂർണമായ വിശ്വാസത്തോടെ തന്റെ ജനതയുടെപ്രതിനിധിയായിക്കൊണ്ട് ബയ്അത്ത് ചെയ്തു. ആ അദൃശ്യപരമായ ബയ്അത്ത് പ്രതിജ്ഞയും മുസ്‌ലിമീങ്ങൾ എത്രമാത്രം പരിഗണിച്ചുവെന്നാൽ പിന്നീടുള്ള കാലഘട്ടത്തിൽ നബി(സ)തിരുമേനിയിൽനിന്ന് യുദ്ധനടപടിക്കായി അയക്കപ്പെട്ട ഏതോ ഇസ്‌ലാമിക സൈന്യം ളമ്മാദിന്റെ ജനതയുടെ അടുത്തൂടെ കടന്നുപോയി. സൈന്യത്തിന്റെ തലവനെ ആ ജനതയെ കുറിച്ച് പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം തന്റെ കൂട്ടുകാരോടു ചോദിച്ചു: അവരിൽനിന്ന് എന്തെങ്കിലും സാധനം ബലാൽക്കാരമായി പിടിച്ചെടുത്തിട്ടുണ്ടോ? ഉച്ച ഭക്ഷണത്തിനുവേണ്ടി കുറച്ചു സാധനം എടുക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ അമീർ പറഞ്ഞു:എത്രയും വേഗം അത് തിരിച്ചു കൊടുക്കുക. കാരണം ഇത് ളമ്മാദിന്റെ ജനതയാണ്. അവർക്കുവേണ്ടി അവരുടെ സർദാർ ഇസ്‌ലാം സ്വീകരിക്കുന്നുവെന്ന് പ്രകടിപ്പിച്ചിട്ടുള്ളതാണ്.( മുസ്‌ലിം)

### മക്കയുടെ പരിസരപ്രദേശങ്ങളിലുള്ള ഗോത്രങ്ങളിൽ ഇസ്‌ലാം

നബി(സ)തിരുമേനിയുടെ നുബുവ്വത്ത് വാദത്തിന്റെ വിവരം എതിർപ്പുകാരണത്തിൽ പതുക്കെപ്പതുക്കെ മക്കയുടെ ചുറ്റുവട്ടത്തുള്ള ഗോത്രങ്ങളിലെത്താൻ തുടങ്ങി. മാന്യരും ഭാഗ്യവാന്മാരുമായ ആളുകൾ അവിടത്തെ വാദത്തിൽ ശ്രദ്ധിക്കാനും തുടങ്ങി. അവരിൽപ്പെട്ട ഒരു നേതാവായിരുന്നു അക്ഥം ബിൻ സ്വഫീ. അദ്ദേഹം വാദം കേട്ട് നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരാകാനാഗ്രഹിച്ചു. എന്നാൽ, അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തെ തടഞ്ഞു. അപ്പോൾ അദ്ദേഹം തന്റെ പ്രതിനിധികളെ തിരുനബിയുടെ സന്നിധിയിൽ അയച്ചു. അവർ വന്ന് നബിയുടെ വാദത്തെ സംബന്ധിച്ച് അന്വേഷിച്ചു. നബി(സ)തിരുമേനി പറഞ്ഞു:ഞാൻ അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാകുന്നു. പിന്നീട് അവരെ ഇന്നല്ലാഹ യഅ്മുറുബിൽ അദ് ലി വൽഇഹ്സാൻ എന്ന(16:91)വചനം ഓതിക്കേൾപ്പിച്ചു. അത് നീതിപുലർത്താനും മറ്റുള്ളവർക്ക് നന്മചെയ്യാനുമുള്ള ഇസ്‌ലാമിന്റെ പരിശുദ്ധ അധ്യാപനമടങ്ങിതാണ്. അവർ ആവർത്തിച്ച് കേട്ട് അത് കാണാതെ പഠിച്ചു. തിരിച്ചുപോയി നബി(സ)തിരുമേനിയുടെ കുടുംബപരമായ മാന്യതയേയും പരിശുദ്ധ അധ്യാപനത്തേയും കുറിച്ച് പറഞ്ഞു. അതുകേട്ട് അക്ഥം പറഞ്ഞു: എന്റെ ജനമേ! ഈ വ്യക്തി അങ്ങേയറ്റം ഉന്ന

**• കലാമുൽ ഇമാം: •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്ക്‌ലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 12 October 2023 Issue-41

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

തനിലയിലുള്ള സ്വഭാവങ്ങളുടെ പാഠം നല്കുകയും ചീത്തക്കാര്യങ്ങളിൽനിന്ന് തടയുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ പിന്നിലായിപ്പോകാതിരിക്കാൻ അദ്ദേഹത്തെ വിശ്വസിക്കുന്നതിൽ മുന്നിടുക.

അങ്ങനെ അദ്ദേഹം തന്റെ ഗോത്രത്തിലെ 100 പേരേയും കൂട്ടി നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച നടത്താൻ പുറപ്പെട്ടു. വഴിയിൽവച്ച് അദ്ദേഹം വഫാത്തായി. അദ്ദേഹം തന്റെ കൂടെയുള്ളവരോടു അല്ലാഹുവിന്റെ റസൂലിനെ വിശ്വസിക്കാൻ വസ്വിയ്യത്തു ചെയ്തു. താൻ മുസ്‌ലിമായിരിക്കുന്നതിന് അവരെ സാക്ഷികളാക്കുകയും ചെയ്തു. (അൽവഫാഅ്). അങ്ങനെ ഇസ്‌ലാമിന്റെ സന്ദേശം മക്കയുടെ ചുറ്റുവട്ടത്തുള്ള ഗോത്രങ്ങളിൽ പച്ചപിടിക്കാൻ തുടങ്ങി.

ചുറ്റുവട്ടത്തുള്ള ഗോത്രങ്ങളിൽ എതിർപുമുഖേന സത്യസന്ദേശം

ഗിഫാർ ഗോത്രത്തിലെ അബൂദർറിനും ഇപ്രകാരം ഇസ്‌ലാമിന്നെതിരിൽ പറന്നുയർന്ന എതിർപ്പിന്റെ വാർത്തകൾകിട്ടി. അദ്ദേഹം തന്റെ സഹോദരനെ അന്വേഷിക്കാൻ അയച്ചു. പോയി ആകാശത്തുനിന്ന് വിവരങ്ങൾ ലഭിക്കുന്ന ഈ വാദിയുടെ നുബുവ്വത്തിന്റെ വാക്യങ്ങൾ കേട്ട് വരാൻ പറഞ്ഞു. സഹോദരൻ മടങ്ങിയെത്തി പറഞ്ഞു: ആ നബി അങ്ങേയറ്റം ഉത്തമമായ സ്വഭാവങ്ങളുടെ അധ്യാപനങ്ങളാണ് നല്കുന്നത്. അദ്ദേഹത്തിന്റ കലാം കാവ്യരചനയിൽനിന്ന് വ്യത്യസ്തമാണ്. അബൂദർറിന് എന്നിട്ടും തൃപ്തിവന്നില്ല. അദ്ദേഹം സ്വയം കുറച്ചു പാഥേയവുമെടുത്ത് അന്വേഷണത്തിന് മക്കയിൽ വന്നു. ആദ്യം ബയ്ത്തുല്ലായിൽപോയി റസൂലുല്ലായെ തിരഞ്ഞു നടന്നു. ആരോടെങ്കിലും ചോദിക്കുന്നത് ഇഷ്ടപ്പെട്ടില്ല. രാത്രിയിൽ ബയ്ത്തുല്ലായിൽത്തന്നെ കിടന്നു. ഹദ്റത്ത് അലി അദ്ദേഹത്തെ കണ്ട് ഇത് അപരിചിതനായ യാത്രക്കാരനാണെന്ന് മനസ്സിലാക്കി, അദ്ദേഹത്തെ തന്റെ വീട്ടിൽ ക്കൊണ്ടുപോയി രാത്രി കഴിച്ചുകൂട്ടുന്നതിനുള്ള ഏർപാടു ചെയ്തു. പിന്നീട് പകൽ കഅ്ബ ദേവാലയത്തിൽ വരികയും രാത്രി അലിയുടെ വീട്ടിൽ രാത്രി കഴിച്ചുകൂട്ടുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ മാമൂലായി. എന്തായാലും മൂന്നാമത്തെ ദിവസം ഹദ്റത്ത് അലി(റ)ചോദിച്ചു: ഇവിടെ എന്തിനാണ് വന്നത്? അബൂദർ ശരിയായ മാർഗദർശനം കിട്ടുക എന്ന ഉറച്ച തീരുമാനത്തോടെ തന്റെ ഉദ്ദേശ്യം പ്രകടിപ്പിച്ചു.

ഹദ്റത്ത് അലി അദ്ദേഹത്തോടു പറഞ്ഞു:മുഹമ്മദ് യഥാർഥത്തിൽ അല്ലാഹുവിന്റെ റസൂലാണ്. രാവിലെ ഹദ്റത്ത് അലി(റ)അദ്ദേഹത്തെ അങ്ങേയറ്റം നിശ്ബ്ദതയോടും രഹസ്യമായും റസൂലുല്ലായുടെ അടുത്തെത്തിച്ചു. റസൂലുല്ലായുടെ സംസാരംകേട്ട് അബൂദർ ഇസ്‌ലാം സ്വീകരിച്ചു. നബികരീം (സ)അദ്ദേഹത്തോടു പറഞ്ഞു:താങ്കളുടെ ജനതയിലേക്ക് മടങ്ങിപ്പോകുക. എന്റെ അടുത്ത കൽപന താങ്കൾക്കു കിട്ടുന്നതുവരെ അവരെ തബ്‌ലീഗ് ചെയ്യുക. അബൂദർ പറഞ്ഞു:ആദ്യം ഞാൻ ഇസ്‌ലാം സ്വീകരിച്ചത് മക്കയിലെ മുശ്‌രിക്കീങ്ങളുടെ മുന്നിൽ വിളംബരം ചെയ്യും. അങ്ങനെ ബയ്ത്തുല്ലായിൽച്ചെന്ന് അദ്ദേഹം അത്യുച്ചത്തിൽ ചൊല്ലി

അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹി അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദു(സ)അല്ലാഹുവിന്റെ റസൂലാണ്. അപ്പോൾ അവിശ്വാസികൾ കോപാന്ധരായി അദ്ദേഹത്തെ മർദിക്കുന്നതിനുവേണ്ടി പായുകയും മർദിച്ച് താഴെയിടുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് അബ്ബാസ്(റ)അവിടെയെത്തുകയും ഖുറയ്ശികളോടു ഇങ്ങനെ പറയുകയും ചെയ്തു:നിങ്ങൾക്കറിയുമോ ഇയാൾ ഗിഫാർ ഗോത്രക്കാരനാണ്. അവർ നിങ്ങളുടെ ശാമിലേക്കുള്ള കച്ചവടപരമായ വഴിയിൽ താമസിക്കുന്നവരാണ്. ഇപ്രകാരം അദ്ദേഹം അവിശ്വാസികളുടെ ശല്യത്തിൽനിന്ന് അദ്ദേഹത്തെ മോചിപ്പിച്ചു. എന്നാൽ, അബൂദർ പിറ്റെദിവസവും തൗഹീദിന്റേയും നുബവ്വത്തിന്റേയും വാക്യങ്ങൾ വിളിച്ചു പറഞ്ഞു. വീണ്ടും മർദനമേറ്റു. ഹദ്റത്ത് അബ്ബാസ് മോചിപ്പിച്ചു. (ബുഖാരി)

**(തുടരും)**

**(പേജ് 1 ൽനിന്ന്)**

ഈ ആയത്തിൽ വീണ്ടും ആ ജനതയുടെ അഭിവൃദ്ധിയുടെ കാലഘട്ടത്തെ സംബന്ധിച്ച് ഒരു വിവരം നല്കിയിരിക്കുകയാണ്. അതെന്താണെന്നാൽ ഈ ജനതയ്ക്കെതിരിൽ വാദമുന്നയിക്കരുത്. അല്ലാഹു നിങ്ങൾക്കെന്തെങ്കിലും വിവരം നല്കിയാലല്ലാതെ നാളെ അവരെ നശിപ്പിക്കുമെന്നും പറയരുത്. അതായത് അവരോടു ഇന്ന രീതിയിൽ പെരുമാറുമെന്ന് ഇൽഹാം കൊണ്ടു പറയണം.

ചിലയാളുകൾ ഈ ആയത്തിന് ഇങ്ങനെ തർജമ ചെയ്തിരിക്കുന്നു. മുഹമ്മദു റസൂലുല്ലാവേ! 'ഇൻശാഅല്ലാഹ്' പറയാതെ ഒരു കാര്യവും പറയരുത്. ഈ കൽപനയെ സംബന്ധിച്ച് ചിലർ അങ്ങേയറ്റം വേദനാജനകമായ നിവേദനങ്ങൾ എടുത്തെഴുതിയിരിക്കുന്നു. അവയിൽ നബി(സ)തിരുമേനിയെ നിന്ദിക്കുന്ന കാര്യങ്ങളാണുളളത്. വാസ്തവത്തിൽ ഇവിടെ ഇൻശാഅല്ലാഹ് പറയുന്നതിനെ കുറിച്ച് ഒരു വിവരവുമില്ലെന്നാണ് ആയത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നത്. ആ വിഷയമായിരുന്നെങ്കിൽ വാക്കുകൾ ഇങ്ങനെയാകണമായിരുന്നു:ഇല്ലാ അൻ തഖൂല ഇൻശാഅല്ലാഹു എന്നാൽ, ഇവിടെ അല്ലാഹു പറഞ്ഞത് ഇല്ലാ അൻയ്യശാഅല്ലാഹു അതായത് അല്ലാഹു നിനക്ക് ഈ വാക്യം പറയുന്നതിന് കൽപന നല്കുന്നതുവരെ മുകളിലത്തെ വാക്യം പറയരുതെന്നാണ്. അതിനാൽ ആയത്തിന്റെ ഉദ്ദേശ്യം ഇത്രമാത്രമാണ്, ആ ജനതയെ നേരിടാൻ മുസ്‌ലിമീങ്ങൾക്ക് അവരുടെ ശക്തികൊണ്ടു കഴിയില്ല. പ്രത്യുത അവർക്ക് അവരെ നേരിടാൻ കഴിയുന്നത് അല്ലാഹു അവന്റെ ഇംഗിതമനുസരിച്ച് അവരെ എഴുന്നേൽപിച്ചു നിറുത്തുമ്പോഴാണ്.

ആ ജനതകളുടെ അഭിവൃദ്ധികണ്ട് മുസ്‌ലിമീങ്ങൾ ആവേശത്തിൽ വരികയും അവരെ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുന്ന അക്കാലത്തെ അവസ്ഥയാണ് ഈ ആയത്തിൽ സൂചിപ്പിക്കുന്നത്. പക്ഷേ, അവർ അതിൽ വിജയിക്കുകയില്ല. രണ്ടാമതായി അക്കാലത്തെ മുസ്‌ലിമീങ്ങളുടെ അവസ്ഥയാണ് പറഞ്ഞിട്ടുള്ളത്. അതായത് അവർ പണിയെടുക്കുന്നതിനു പകരം നാളത്തെ പ്രതീക്ഷവെച്ചു പുലർത്തുകയും നാളെ ഞങ്ങൾ ഇതു ചെയ്തുകാണിക്കുന്നതാണെന്ന് എപ്പോഴും പറയുകയും ചെയ്യും. അതായത് കർമശേഷി ഇല്ലാതാകുന്നതാണ്. ഭയപ്പെടുത്തലും ഭീഷണികളുംമാത്രം അവശേഷിക്കും. എപ്പോഴും നാളെ എന്ന വാക്ക് പറഞ്ഞുകൊണ്ടിരിക്കും. ഒരിക്കലും അവർ നാളെ ഇന്നിന്റെചിത്രം സ്വീകരിക്കുകയില്ല. നിങ്ങൾ നോക്കുക, ഇക്കാലഘട്ടത്തിൽ ഈ സത്യം എല്ലാ മുസ്‌ലിം കക്ഷികളുടേയും കർമങ്ങളിൽനിന്ന് എങ്ങനെയാണ് പ്രകടമായിക്കൊണ്ടിരിക്കുന്നതെന്നാൽ ദുഃഖവും ഉണ്ടാകുന്നു;അത്ഭുതവും!

വദ്കുർറബ്ബക്ക ഇദാ നസീത്ത എന്നു പറഞ്ഞുകൊണ്ടു പറഞ്ഞു:എപ്പോഴെങ്കിലും ആവേശത്തള്ളിച്ചയാൽ ആ ജനതകളെ നേരിടുന്നതിന് നിങ്ങളുടെ മനസ്സിൽ വിചാരമുണ്ടായാൽ അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ ഓർക്കുക; ഒരു ദിവസം മുസ്‌ലിമീങ്ങളെ അവരുടെ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുന്നതായിരിക്കും. അദൃശ്യത്തിൽനിന്ന് മുസ്‌ലിമീങ്ങളുടെ മോക്ഷത്തിനുള്ള ഏർപ്പാടുണ്ടാക്കുന്നതായിരിക്കും. അതുകൊണ്ട് ദൈവികോപാധികൾകൂടാതെയുള്ള മറ്റു ഉപാധികൾ സ്വീകരിക്കാനുള്ള വിചാരം മനസ്സിൽനിന്ന് നീക്കേണ്ടതാണ്. വഖുൽ അസാ അൻയ്യഹ്ദിയനി റബ്ബി ലി അഖ്റബ മിൻ ഹാദാ റശദാ എന്നതിലും നല്കിയിരിക്കുന്ന പാഠം നിങ്ങളുടെ ബാഹ്യമായ ഉപാധികൾ നൂറ്റാണ്ടുകളായാലും ആ ജനതകളെ നശിപ്പിക്കാനുതകുന്നതല്ല. പക്ഷേ, അല്ലാഹു തന്റെ ഫള്ലുകൊണ്ട് വളരെ വേഗം എങ്ങനെയുള്ള ഏർപാടുണ്ടാക്കിത്തരുമെന്നാൽ നിങ്ങൾ ഫിത്നകളിൽനിന്ന് സുരക്ഷിതരായിത്തീരും.

അഹോ കഷ്ടം! മുസ്‌ലിമീങ്ങൾ ഈ ഉപദേശത്തിൽനിന്ന് ഫലമെടുത്തില്ല. യൂറോപ്യൻ ജനതകൾക്കെതിരിൽ നിരന്തരം ജിഹാദിന്റെ വിളംബരങ്ങൾ ചെയ്ത് ഇസ്‌ലാമിനോടുള്ള അവരുടെ ആദരയുക്തമായ ഭയത്തെ വീണ്ടും വിപാടനം ചെയ്തു. എന്നല്ല അവരെ ഇത്തരത്തിലുള്ള കാര്യങ്ങളിൽനിന്ന് തടഞ്ഞ ഗുണകാംക്ഷികളെ ഇസ്‌ലാമിന്റെ ശത്രുക്കളെന്ന് വിധിയെഴുതി. ആരാണോ വിശുദ്ധഖുർആനിലെ അധ്യാപനങ്ങളിലേക്ക് വിളിക്കുന്നത് അവർ ഇസ്‌ലാമിന്റെ ശത്രുക്കളല്ല പ്രത്യുത വിശുദ്ധ ഖുർആൻ തടഞ്ഞിട്ടും വീണ്ടും തെറ്റായ വഴി ഉപയോഗിക്കുന്നവരാണ് യഥാർഥത്തിൽ ശത്രുവെന്ന് അവർ മനസ്സിലാക്കിയില്ല.(തഫ്സീറെ കബീർ, വാള്യം 4, പേജ് 439, പ്രസാധനം 2010 ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുളള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin